## അല്ലാഹുവിന്റെ വചനം

قُلْ مَنْ يُّنَجِّيْكُمْ مِّنْ ظُلُمٰتِ الْبَرِّ وَالْبَحْرِ تَدْعُوْنَهٗ تَضَرُّعًا وَّخُفْيَةً ۚ لَئِنْ اَنْجٰنَا مِنْ هٰذِهٖ لَنَكُوْنَنَّ مِنَ الشّٰكِرِيْنَ ○ (الانعام: 64)

'പറയുക: കരയിലേയും കടലിലേയും വിപത്തുകളിൽനിന്ന് നിങ്ങളെ രക്ഷിക്കുന്നതാരാണ്? "അവൻ ഇതിൽ (ഈ വിപത്തിൽ നിന്ന്) ഞങ്ങളെ രക്ഷിക്കുന്നതായാൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരിൽപ്പെട്ടവരായിരിക്കും" (എന്നു പറഞ്ഞുകൊണ്ട്) നിങ്ങൾ അവനെ വിനയത്തോടും രഹസ്യമായും വിളിച്ചു പ്രാർഥിക്കുന്ന അവസരത്തിൽ?.' (6:64)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 7

ലക്കം 25

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂൺ 23/ഹി.ശം. 1401 ഇഹ്സാൻ 23/ഹിജ്റ 1443 ദുൽഖഅ്ദ 22


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### സ്വഹാബിമാർ കച്ചവടത്തിൽ പൂർണമായ സത്യസന്ധത പുലർത്തിയിരുന്നു.

(2059) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'മനുഷ്യർക്ക് ഒരു കാലഘട്ടം വരും. അന്ന് മനുഷ്യൻ സമ്പാദിക്കുന്ന ധനം ഹറാമായതോ ഹലാലായതോ എന്നൊന്നും ഗൗനിക്കുകയില്ല.'

(വ്യാഖ്യാനം) ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ ഹദറത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു : '***മൻ ലം യുബാലി മിൻഹയ്ഥു കസബൽ മാല*** ഹലാലും ഹറാമും വകവെക്കാത്തവന്റെ വ്യാപാരത്തിൽ ബർക്കത്ത് ഉണ്ടാകുകയില്ല. നബി(സ)തിരുമേനി ഏതൊരു കാലഘട്ടത്തിലാണോ ഉപര്യുക്ത പ്രവചനം ചെയ്തത് അതായത് ഹലാലും ഹറാമും വകവെക്കാത്ത ഒരു കാലം വരാൻ പോകുന്നുവെന്ന്, അക്കാലത്ത് ആദരണീയരായ സ്വഹാബത്ത് കച്ചവടത്തിൽ പൂർണമായ സത്യസന്ധതയും വിശ്വസ്തതയും പുലർത്തിയിരുന്നു. അത് നബി(സ)തിരുമേനിയുടെ സുശിക്ഷണത്തിന്റെ ഫലമായിരുന്നു.'

*(സ്വഹീഹ് ബുഖാരി, വാള്യം 4, കിതാബുൽബുയൂഅ് പ്രസാധനം ഖാദിയാൻ 2008)*

**കേട്ടുകൊള്ളുവിൻ! വിശുദ്ധ ഖുർആൻ എന്താണ് പറഞ്ഞത്. *ഇന്നമാ യത്തഖബ്ബലല്ലാഹു മിനൽ മുത്തഖീൻ* (5:28) അല്ലാഹു മുത്തഖീങ്ങളുടെ ദുആകൾ സ്വീകരിക്കുന്നു. മുത്തഖിയല്ലാത്തവർ ആരാണോ അവരുടെ ദുആകൾ സ്വീകാര്യതയുടെ വസ്ത്രമില്ലാത്തതാണ്. അതേ! അല്ലാഹുവിന്റെ പരിപാലനത്വവും കാരുണികതയും അവരെ വളർത്തുന്നതിൽ അതാതിന്റെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു.**

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ﷺന്റെ ഉപദേശങ്ങൾ

തങ്ങൾ ഒരുപാടു ദുആകൾ ചെയ്തുവെന്നും അതിന് ഫലമൊന്നുമുണ്ടായില്ലെന്നും ഒരുപാടാളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇതിന്റെ ഫലം അവരെ നാസ്തികരാക്കി. യഥാർഥകാര്യം ഇതാണ്, എല്ലാ കാര്യത്തിനും കുറച്ചു ചട്ടങ്ങളും നിയമങ്ങളുമുണ്ട്. അതുപോലെ ദുആയ്ക്കു വേണ്ടിയും ചട്ടങ്ങളും നിയമങ്ങളും നിർണയിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടില്ലെന്ന് പറയുന്നവർ ദുആ സ്വീകാര്യതയ്ക്ക് അനിവാര്യമായിട്ടുള്ള നിയമങ്ങളും നിലകളും പാലിക്കാത്തതാണ് കാരണം. അല്ലാഹു അതുല്യവും അതിരറ്റതുമായ ഖജനാവ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചു. നമ്മളിൽ എല്ലാ ഓരോരുത്തർക്കും അതിൽനിന്ന് പ്രാപിക്കാനും എടുക്കാനും കഴിയുന്നതാണ്. എന്തുകൊണ്ടെന്നാൽ, നമ്മൾ അല്ലാഹുവിനെ സർശക്തനായ ദൈവമെന്ന് വിശ്വസിച്ചുകൊണ്ട്, എന്തൊന്നാണോ അവൻ നമ്മുടെ മുമ്പിൽവെച്ചത്, എന്തൊന്നാണോ അവൻ നമ്മെ കാണിച്ചത് അത് കേവലം മരീചികയും ചതിയുമാണെന്ന് തീരുമാനിക്കുന്നത് ഒരിക്കലും അനുവദനീയമല്ല. അത്തരം സംശയവും മനുഷ്യനെ നശിപ്പിക്കാവുന്നതാണ്. അങ്ങനെയല്ല പ്രത്യുത ഓരോരുത്തർക്കും ഈ ഖജനാവിനെ എടുക്കാൻ കഴിയും. അല്ലാഹുവിന്റെ അടുത്ത് ഒരു കുറവുമില്ല. എല്ലാവർക്കും ഈ ഖജനാവ് കൊടുക്കാൻ അവന് കഴിയും. എന്നാലും അതിൽ ഒരു കുറവും വരുകയില്ല.

ചുരുക്കത്തിൽ അവൻ നമുക്ക് നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾവരെ തരാൻ തയ്യാറാണ്. പക്ഷേ, നാം അതെടുക്കാനും ശ്രമിക്കുക. അതിനാൽ ഓർമിക്കുക, ഇതു സാത്താനികമായ ദുർബോധനവും ചതിയുമാണ്. അത് ദുആ സ്വീകരിച്ചില്ല എന്ന വസ്ത്രത്തിൽ നല്കുകയാണ്. അത് ദുആ സ്വീകാര്യതയുടെ മര്യാദകളിൽനിന്നും കാര്യഹേതുക്കളിൽനിന്നും ശൂന്യമാണെന്നതാണ് യാഥാർഥ്യം. പിന്നെ ആകാശത്തിന്റെ കവാടങ്ങൾ അവനുവേണ്ടി തുറക്കുകയില്ല. കേട്ടുകൊള്ളുവിൻ! വിശുദ്ധ ഖുർആൻ എന്താണ് പറഞ്ഞത്. ഇന്നമാ യത്തഖബ്ബലല്ലാഹു മിനൽ മുത്തഖീൻ(5:28) അല്ലാഹു മുത്തഖീങ്ങളുടെ ദുആകൾ സ്വീകരിക്കുന്നു. മുത്തഖിയല്ലാത്തവർ ആരാണോ അവരുടെ ദുആകൾ സ്വീകാര്യതയുടെ വസ്ത്രമില്ലാത്തതാണ്. അതേ! അല്ലാഹുവിന്റെ പരിപാലനത്വവും കാരുണികതയും അവരെ വളർത്തുന്നതിൽ അതാതിന്റെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. *(മൽഫൂദാത്ത് വാള്യം 1, പേജ് 377, പ്രസാധനം ഖാദിയാൻ 2018)*

**ഉറമ്പുകളിലും വളരെ വലിയ ഭാരിച്ച വ്യവസ്ഥിതിയുണ്ട്, ഇപ്രകാരംതന്നെ തേനീച്ചയ്ക്കും വലിയ മഹത്തായ വ്യവസ്ഥിതിയുണ്ട്. അല്ലാഹു തേനീച്ചയുടെ സ്മരണ തിരഞ്ഞെടുത്തത് ഉന്നതമായ ഒരു ശക്തിയാണ് അവയ്ക്ക് ഈ അറിവു നല്കിയതെന്നും അവ സ്വയം ചിന്തിച്ചെടുക്കാത്ത ഒരു വ്യവസ്ഥിതി നല്കിയിരിക്കുന്നുവെന്നും മനസ്സിലാക്കാനുമാണ്.**

സൂറത്തുന്നഹ്ലിലെ 69-ാം വചനമായ ***വ ഔഹാ റബ്ബുക്ക ഇലന്നഹ്ലി അനിത്തഖിദീ മിനൽജിബാലി ബുയൂത്തൻ വ്വമിനശ്ശജരി വ മിമ്മാ യഅ്രിശൂൻ*** (നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നല്കി: മലകളിൽനിന്നും വൃക്ഷങ്ങളിൽനിന്നും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന പന്തലിൽനിന്നും ചിലേടങ്ങളിൽ നീ കൂടുകളുണ്ടാക്കുക.) (16:69) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: മൃഗങ്ങളുടെ ഗവേഷണങ്ങളിൽ തേനീച്ചയുടേയും ഉറുമ്പിന്റേയും ഗവേഷണങ്ങൾ വളരെ വിശാലമായി നടന്നിട്ടുണ്ട്. ഈ ഗവേഷണങ്ങൾ ഉറമ്പുകളിൽ വളരെ വലിയ ഭാരിച്ച വ്യവസ്ഥിതിയുണ്ടെന്ന് സ്ഥാപിക്കുകയുണ്ടായി. ഇതു കൈകൾ കൊണ്ടാണ് സംസാരിക്കുന്നത്. മനുഷ്യരെപോലെ തങ്ങളുടെ ശവങ്ങൾ കാത്തുസൂക്ഷിക്കുന്നു. ധാന്യങ്ങളുടെ കൂമ്പാരം വെക്കുന്നു. തണുപ്പിനും ചൂടിനുമുള്ള വീടുകൾ വെവ്വേറെ വെക്കുന്നു. കൂടുകൾ ഉണ്ടാക്കുന്നു. ഒരു തരത്തിലുള്ള കീടമാണ്, അതിൽ നിന്ന് ഒരു പദാർഥം പുറപ്പെടുന്നു. അത് ഉറുമ്പിന് പാലായി പ്രയോജനപ്പെടുന്നു. ആ കീടങ്ങളെ ഇതു ശേഖരിച്ച് തങ്ങളുടെ വീടുകളിൽ വെക്കുന്നു. അവയുടെ ഭക്ഷണവും ശ്രദ്ധിക്കുന്നു. ധാന്യത്തിൽ കുറവുണ്ടാകുമ്പോൾ അനുഭവത്തിൽനിന്ന് മനസ്സിലായത് അവർ ആ കീടങ്ങൾക്ക് ആദ്യം ഭക്ഷണം നല്കുന്നുവെന്നാണ്. പിന്നീട് ബാക്കിയുണ്ടെങ്കിൽ സ്വയം തിന്നുന്നു. അവരിൽ അടിപിടിയും ഉണ്ടാകാറുണ്ട്. രഞ്ജിപ്പും ഉണ്ടാകാറുണ്ട്. ചുരുക്കത്തിൽ ഇങ്ങനെയൊരു

ശേഷം പേജ് 12ൽ

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER 1800 3010 2131**

**ഈ ലക്കത്തിൽ**


ജുമുഅ ഖുത്ബ 20 മെയ് 2022 സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ബിസ്മില്ലാഹിർറഹ്മാനിർറഹീം മുഹമ്മദുനബി(സ)യുടെ ഭാഗത്തുനിന്ന് മുസയ്ലിമ കദ്ദാബിന്റെ പേരിൽ അമ്മാ ബഅ്ദ് തീർച്ചയായും ഭൂമി അല്ലാഹുവിന്റേതാണ്. തന്റെ ദാസരിൽ അവനിഷ്ടപ്പെടുന്നവരെ അതിന്റെ അനന്തരാവകാശിയാക്കും. ശുഭപര്യവസാനം മുത്തഖീങ്ങൾക്ക് തന്നെയാണ് ഉണ്ടാകുന്നത്. സന്മാർഗത്തെ പിന്തുടരുന്നവരുടെമേൽ സമാധാനമുണ്ടാകട്ടെ.**

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

### മുസയ്ലിമ കദ്ദാബിന്നെതിരിലുണ്ടായ യമാമ യുദ്ധനടപടിയുടെ അവസ്ഥകളും സംഭവങ്ങളും

**ഖുത്ബ ജുമുഅ 2022 മെയ് 20/1401 ഹിജ്റത്ത് 20,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ കാലത്ത് നടന്ന യമാമ യുദ്ധത്തെ കുറിച്ചായിരുന്നു പരാമർശിച്ചു വന്നിരുന്നത്. യമാമ യുദ്ധത്തെ കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: 'യമാമ യമനിലെ ഒരു പേരുകേട്ട നഗരമാണ്. ഇപ്പോൾ ഇത് സഊദി അറേബ്യയിലാണ് ഉൾപ്പെടുന്നത്.' *(ഫർഹങ്കെ സീറത്ത്, സീറത്ത് അസ്സയ്യിദ് ഫള്ലുർറഹ്മാൻ പേജ് 321, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി, 2003)(ഉർദു ദാഇറയെ മആരിഫ് ഇസ്ലാമിയ്യ, വാള്യം 23, പേജ് 311, സേരെ ഇഹ്തിമാം ദാനിശ് ഗാഹ്, പഞ്ചാബ് ലാഹോർ)*

യമാമ വളരെ പച്ചളിപ്പുള്ളതും ഫലഭൂയിഷ്ഠവുമായ പ്രദേശമായിരുന്നു. അതുകൊണ്ട് യമാമ വളരെ മനോഹരമായ നഗരങ്ങളിൽപ്പെട്ട ഒരു നഗരമായിരുന്നു. ഇതിൽ വസ്തുവകകളും മരങ്ങളും വൃക്ഷങ്ങളും ഈന്തപ്പനകളും ധാരാളമായിട്ടുണ്ടായിരുന്നു. *(മുഅ്ജമുൽബുൽദാൻ, വാള്യം 5, പേജ് 506, യമാമ എന്ന പദം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

യമാമയിൽ യുദ്ധനിപുണരായിരുന്ന ഹനീഫ ഗോത്രം താമസിച്ചിരുന്നു. ഇവരെ കുറിച്ച് തഫ്സീർ ഖുർത്വബിയിൽ ***സതുദ്ഔന ഇലാ ഖൗമിൻ ഊലീ ബഅ്സിൻ ശദീദിൻ തുഖാത്തിലനഹും ഔ യുസ്ലിമൂൻ*** കടുത്ത ആക്രമണശക്തിയുള്ള ഒരു ജനതയുമായി യുദ്ധം ചെയ്യാൻ അടുത്തുതന്നെ നിങ്ങൾ വിളിക്കപ്പെടും. അവർ കീഴടങ്ങുന്നതുവരെ നിങ്ങളവരോട് യുദ്ധം ചെയ്യണം (48:17) എന്ന ആയത്തിന്റെ വിശദീകരണത്തിൽ എഴുതുന്നു. ഹസൻ പറയുന്നു: കടുത്ത യുദ്ധ നിപുണരായ സമൂഹം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് പേർഷ്യക്കാരും റോമക്കാരുമാണ്. ഇബ്നു ജുബയ്ർ പറയുന്നു; ഇതുകൊണ്ടുള്ള വിവക്ഷിതം ഹവാസിൻ, ഥഖീഫ് ഗോത്രങ്ങളാകുന്നു. സുഹ്രിയും മുഖാത്തിലും പറയുന്നു: ഇതുകൊണ്ടുള്ള ഉദ്ദേശ്യം ബനൂ ഹനീഫയാണ്. അവർ യമാമയിൽ താമസിക്കുന്നവരാണ്. മുസയ്ലിമയുടെ സുഹൃത്തുക്കളായിരുന്നു. റാഫി ബിൻ ഖദീജ് പറയുന്നു: ഞങ്ങൾ ഈ ആയത്ത് പാരായണം ചെയ്തിരുന്നു, എന്നാൽ, യുദ്ധസമർഥരായ സമൂഹം ഏതാണെന്നു ഞങ്ങൾക്ക് അറിവില്ലായിരുന്നു. അങ്ങനെ ഹദ്റത്ത് അബൂബക്ർ ഞങ്ങളെ ബനൂ ഹനീഫയുമായി യുദ്ധം ചെയ്യാൻ വിളിച്ചപ്പോൾ അവരാണ് ആ ജനതയെന്ന് ഞങ്ങൾക്ക് മനസ്സിലായി. *(അൽജാമിഉൽ അഹ്കാമുൽഖുർആൻ, അല്ലാമ ഖുർത്വബി, പേജ് 2850–2851, സൂറ ഫത്ഹിലെ 16–ാമത്തെ വചനം, പ്രസാധകർ ദാറു ഇബ്നു ഹസം)*

നബി(സ) തിരുമേനി ഹിജ്റ 7–ാം വർഷത്തിന്റെ ആരംഭത്തിൽ, ചിലരുടെ അഭിപ്രായത്തിൽ ഹിജ്റ 6–ാം വർഷം വിവിധ രാജാക്കന്മാർക്ക് തബ്ലീഗ് കത്തുകൾ അയച്ചു. അതിലൊരു കത്ത് യമാമയിലെ രാജാവായിരുന്ന ഹൗസഹ് ബിൻ അലിയുടേയും യമാമ നിവാസികളുടേയും പേരിൽ അയച്ചിരുന്നു. ആ കത്തിൽ അദ്ദേഹത്തെയും യമാമക്കാരെയും ഇസ്ലാമിലേക്ക് ക്ഷണിക്കുകയുണ്ടായി. ഹിജ്റ 9–ൽ വിവിധ സംഘങ്ങൾ മദീനയിൽ വന്നപ്പോൾ യമാമയിൽനിന്ന് ബനൂ ഹനീഫയുടെ സംഘവും വന്നിരുന്നു. ഈ സംഘത്തിൽ മുജ്ജാഅ ബിൻ മുറാറയും ഉണ്ടായിരുന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനി അയാൾ ആവശ്യപ്പെട്ടതുപ്രകാരം ഭൂസ്വത്ത് എന്ന നിലയിൽ ജനവാസമില്ലാത്ത ഒരു ഭൂപ്രദേശം നൽകിയിരുന്നു. ഈ സംഘത്തിൽ റജ്ജാൽ ബിൻ ഉൻഫൂവഹും ഉണ്ടായിരുന്നു. കൂടാതെ മുസയ്ലിമ കദ്ദാബ്, ഥുമാമ ബിൻ കബീർ ബിൻ ഹബീബും ഉണ്ടായിരുന്നു. ഇബ്നു ഹിശാമിന്റെ വീക്ഷണത്തിൽ ഇയാളുടെ പേര് മുസയ്ലിമ ബിൻ ഥുമാമ എന്നായിരുന്നു. ഇയാളുടെ വിളിപ്പേര് അബൂഥുമാമ എന്നും ആയിരുന്നു. ബനൂ ഹനീഫയുടെ ഈ സംഘം മദീനയിൽ അൻസ്വാറിലെ ഒരു സ്ത്രീയായ റംല ബിൻത് ഹാരിഥിന്റെ വീട്ടിലാണ് തങ്ങിയിരുന്നത്. *(ഫുതൂഹുൽബുൽദാൻലി ഇമാം അബിൽഹസ്സൻ അഹ്മദ് ബിൻ യഹ്യാ അൽബിലാദരി, പേജ് 59, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റുത്ത് 2000) (അസ്സീറത്തുന്നബ് വിയ്യ ലിഇബ്നി ഹിശാം, പേജ് 852, ഖുദൂംവഫദ് ബനീ ഹുനയ്ഫ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)*

നബി(സ)തിരുമേനിയ്ക്ക് ബയ്അത്ത് ചെയ്യാൻ നിരന്തരം സംഘങ്ങൾ വന്നു തുടങ്ങിയപ്പോൾ നബി(സ)തിരുമേനി ഒരു വീട് നിശ്ചയിക്കുകയും അതിൽ ആ സംഘങ്ങൾ താമസിക്കുകയും ചെയ്തിരുന്നു. ഈ വീട് റംല ബിൻത് ഹാരിഥിന്റേതായിരുന്നു. ഇവർ നജ്ജാർ ഗോത്രത്തിലെ ഒരു സ്ത്രീയായിരുന്നു. അത് വളരെ വിശാലമായ ഒരു വീടായിരുന്നു. *(അൽമുഫസ്സലു ഫീ താരഖിൽഅറബ് ഖബ്ലൽ ഇസ്ലാം , ജവാദ് അലി, ഭാഗം 5, പേജ് 258, മക്തബ ജരീർ 2006)*

ഹനീഫ ഗോത്രത്തിലെ ആളുകൾ നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ചക്ക് പോയപ്പോൾ മുസയ്ലിമയെ കൂടെ കൊണ്ടുപോയില്ല. അയാളെ തങ്ങളുടെ സാധനങ്ങൾ കാക്കുന്നതിനുവേണ്ടി നിറുത്തുകയാണ് ചെയ്തത്. അങ്ങനെ അവർ ഇസ്ലാം സ്വീകരിച്ച് കഴിഞ്ഞപ്പോൾ അവർ മുസയ്ലിമയെ സംബന്ധിച്ചും പരാമർശിച്ചു. അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾ ഞങ്ങളുടെ ഒരു സുഹൃത്തിനെ ഞങ്ങളുടെ സാധനങ്ങളുടെയും സവാരികളുടെയും അടുത്ത് നിറുത്തിയിട്ടാണ് വന്നിരിക്കുന്നത്. അയാൾ ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ സാധനങ്ങൾ കാത്തുസൂക്ഷിക്കുകയാണ്. അപ്പോൾ നബി(സ)തിരുമേനി മുസയ്ലിമക്ക് വേണ്ടിയും മറ്റുള്ളവർക്ക് കൊടുക്കാൻ പറഞ്ഞ അത്രയും ഉപഹാരങ്ങൾ കൊടുക്കാൻ കൽപിച്ചുകൊണ്ടു പറഞ്ഞു: 'അയാളും സ്ഥാനത്തിൽ നിങ്ങളെക്കാൾ കുറവല്ല. കാരണം അയാൾ തന്റെ സുഹൃത്തുക്കളുടെ സാധനങ്ങൾ കാത്തുസൂക്ഷിക്കുകയാണ്. തുടർന്ന് ആ സംഘം നബി(സ)തിരുമേനിയുടെ അടുത്തു നിന്നുപായി. നബി(സ) തിരുമേനി മുസയ്ലിമക്ക് കൊടുത്തിരുന്ന സാധനങ്ങളും അവർ കൊണ്ടുപോയി. *(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി കഥീർ, പേജ് 852, ഖുദൂംവഫദ് പ്രസാധകർ*

*ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

ഈ വിവരിച്ച നിവേദനത്തിൽനിന്ന് മനസ്സിലാകുന്നത് മുസയ്‌ലിമ ഒഴികെ ഹനീഫ ഗോത്ര സംഘത്തിലെ എല്ലാ ആളുകളും നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു എന്നാണ്. എന്നാൽ, ചില നിവേദനങ്ങളിൽ മുസയ്‌ലിമ, നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്തിയെന്നും പറയുന്നുണ്ട്. പൊതുവെ ഇത് സംബന്ധിച്ചുള്ള നിവേദനങ്ങളിൽ മുസയ്‌ലിമ കണ്ടിരുന്നുവെന്നാണ് പറയുന്നത്. ഇതേ കുറിച്ച് ഇങ്ങനെയും പറയപ്പെടുന്നുണ്ട്: ഒരു പക്ഷേ, അയാൾ രണ്ടാമത്തെ തവണ വന്നപ്പോൾ കണ്ടതാകാം. ഏതായാലും ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ഈ സംഘം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിയപ്പോൾ അതിൽ മുസയ്‌ലിമയും ഉണ്ടായിരുന്നു. ഇതാണ് മറ്റൊരു ഭാഗത്ത് എഴുതിയിട്ടുള്ളത്. അവർ മുസയ്‌ലിമയെ വസ്ത്രങ്ങൾ കൊണ്ട് മൂടപ്പെട്ട അവസ്ഥയിലാണ് നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നത്. നബി(സ)തിരുമേനി സ്വഹാബാക്കളുടെ ഇടയിൽ ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനിയുടെ കൈയിൽ ഈന്തപ്പനയുടെ ഒരു വടി ഉണ്ടായിരുന്നു. നബി(സ)തിരുമേനിയോട് മുസയ്‌ലിമ സംസാരിക്കുകയും ചില കാര്യങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു: 'നീ എന്നോട് എന്റെ കൈയിലിരിക്കുന്ന ഈ ഈന്തപ്പന കമ്പാണ് ചോദിക്കുന്നതെങ്കിൽ, അതുപോലും നിനക്ക് ഞാൻ നൽകുന്നതല്ല. *(സുബുലുൽഹുദാ വർറശാദ് അൽബാബുത്താസിഅ് വഥ്ഥലാഥൂന ഫീ വഫൂദി ബനീ ഹുനയ്ഫ.....വാല്യം 6, പേജ് 326, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

സ്വഹീഹ് ബുഖാരിയിലുള്ള നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത് മുസയ്‌ലിമ നബി(സ)തിരുമേനിയെ കാണാൻവേണ്ടി പോയിരുന്നില്ല. മറിച്ച് നബി(സ)തിരുമേനി സ്വയം അയാളുടെ അടുത്താണ് പോയതെന്നാണ്. ഉബയ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉത്ബ വിവരിക്കുന്നു: മുസയ്‌ലിമ കദ്ദാബ് മദീനയിൽ വന്നിരിക്കുന്നുവെന്നും ഹാരിഥിന്റെ മകളുടെ വീട്ടിലാണെന്നും ഞങ്ങൾക്ക് അറിയിപ്പ് കിട്ടി. ഹാരിഥ് ബിൻ ഗുറയ്സിന്റെ മകൾ അയാളുടെ ഭാര്യയായിരുന്നു. അവർ അബ്ദുല്ലാഹ് ബിൻ ആമിറിന്റെ മാതാവായിരുന്നു. നബി(സ)തിരുമേനി അയാളുടെ അടുത്തുപോയി. നബി(സ)തിരുമേനിയുടെ കൂടെ ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ് ബിൻ ശമ്മാസുമുണ്ടായിരുന്നു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ വക്താവ് എന്നാണ് അറിയപ്പെട്ടിരുന്നത്. നബി(സ)തിരുമേനിയുടെ കൈയിൽ ഒരു വടി ഉണ്ടായിരുന്നു. നബി(സ)തിരുമേനി മുസയ്‌ലിമയുടെ അടുത്തുപോയി നിന്നു. അയാളോട് സംസാരിച്ചു. മുസയ്‌ലിമ നബി(സ)തിരുമേനിയോട് പറഞ്ഞു: താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ ഞങ്ങളുടേയും ഞങ്ങളുടെ കാര്യത്തിന്റെയും ഇടയിൽ ഞങ്ങളെ വിടുക. പിന്നീട് താങ്കൾ അതിനെ താങ്കൾക്കുശേഷം ഞങ്ങൾക്ക് വേണ്ടി നിശ്ചയിക്കുകയും ചെയ്യുക. അതായത്, നുബുവ്വത്തിന്റെ കാര്യത്തിലുള്ള തീരുമാനം താങ്കൾക്കു ശേഷം ഞങ്ങൾക്കു നുബുവ്വത്ത് കിട്ടണമെന്നാണ് അയാൾ പറഞ്ഞുവെച്ചത്. ഇതു തന്നെയായിരുന്നു അയാളുടെ വലിയ ആവശ്യവും. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നീ എന്നോട് ഈ വടിയാണ് ചോദിക്കുന്നതെങ്കിൽ അതുപോലും നിനക്ക് ഞാൻ തരുന്നതല്ല. ഞാൻ മനസ്സിലാക്കുന്നത് എനിക്ക് സ്വപ്നത്തിൽ കാണിക്കപ്പെട്ടത് നിന്നെകുറിച്ചാണെന്നാണ്. ഈ ഥാബിത് ബിൻ ഖയ്സ് എനിക്കുവേണ്ടി നിനക്ക് മറുപടി നൽകുന്നതായിരിക്കും. തുടർന്ന് നബി(സ)തിരുമേനി തിരിച്ച് വരികയുണ്ടായി. *(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബു ഖിസ്സ്വത്തിൽഅസ്‌വദിൽ അൻസിയ്യി, നിവേദനം നമ്പർ 4378)*

അതുപോലെ മറ്റൊരു നിവേദനത്തിൽ പറയുന്നു. 'ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: മുസയ്‌ലിമ കദ്ദാബ് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ വന്നു. എന്നിട്ട് പറഞ്ഞു: 'മുഹമ്മദ്(സ) അദ്ദേഹത്തിനുശേഷം എന്നെ പ്രതിനിധിയാക്കുകയാണെങ്കിൽ ഞാൻ അദ്ദേഹത്തെ പിന്തുടരുന്നതാണ്. ഇത് ആദ്യത്തെ നിവേദനത്തിന്റെ വിശദീകരണമാണ്. അയാൾ അവിടെ തന്റെ സമൂഹത്തിലെ ഒരുപാട് ആളുകളെയും കൊണ്ടാണ് വന്നിരുന്നത്. അയാൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അപ്പോൾ നബി(സ)തിരുമേനിയുടെ കൂടെ ഹദ്റത്ത് ഖയ്സ് ബിൻ ഥാബിത് ബിൻ ശമ്മാസുമുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ കൈയിൽ ഈത്തപ്പനയുടെ ഒരു വടിയുണ്ടായിരുന്നു. അങ്ങനെ നബി(സ)തിരുമേനി, മുസയ്‌ലിമ തന്റെ കൂട്ടുകാർക്കിടയിൽ ഉണ്ടായിരുന്നപ്പോൾ വന്നു നിൽക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: 'നീ എന്നോടു ഈ വടിയാണ് ചോദിക്കുന്നതെങ്കിൽ അതുപോലും ഞാൻ നിനക്ക് നൽകുന്നതല്ല. നീ നിന്നെ സംബന്ധിച്ച് ഒരിക്കലും അല്ലാഹുവിന്റെ തീരുമാനത്തെ മറികടക്കുന്നതല്ല. ഇനി പിന്തിരിയുകയാണെങ്കിൽ അല്ലാഹു നിന്റെ അടിവേരറുക്കുന്നതാണ്. എനിക്ക് സ്വപ്നത്തിൽ ഒരുപാട് കാര്യങ്ങൾ കാണിക്കപ്പെട്ട വ്യക്തി നീയാകുന്നു. ഇവിടെ ഥാബിത്തുണ്ട്. അതായത് ഥാബിത് ബിൻ ഖയ്സ്. അദ്ദേഹം എനിക്ക് വേണ്ടി നിനക്ക് മറുപടി നൽകുന്നതാണ്.' തുടർന്ന് നബി(സ)തിരുമേനി അയാളെ ഒഴിവാക്കി തിരിച്ചുപോയി. ഈ നിവേദനവും ബുഖാരിയിലുള്ളതാണ്. *(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബു വഫ്ദി ബനീ ഹനീഫത്ത വ ഹദീഥി ഥമാമത്തബ്നി ഉഥ്ഥാൽ നിവേദനം നമ്പർ 4373)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയുടെ ഈ നിർദേശത്തെ കുറിച്ച്, അതായത് 'തനിക്ക് സ്വപ്നത്തിൽ നിന്നെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ കാണിക്കപ്പെട്ടിരിക്കുന്നു' എന്നതിനെ കുറിച്ച് ചോദിച്ചു. ഹദ്റത്ത് അബൂഹുറയ്റ(റ) എന്നോട് പറഞ്ഞു. നബി(സ)തിരുമേനി പറയുന്നു: 'ഒരിക്കൽ ഞാൻ ഉറങ്ങുകയായിരുന്നു. അതിന്നിടയിൽ ഞാൻ എന്റെ കൈയിൽ രണ്ടു സ്വർണ്ണവളകൾ കണ്ടു. അതിന്റെ അവസ്ഥ, അതായത് സ്വപ്നത്തിന്റെ കാര്യമാണ് പറയുന്നത്- അവയുടെ അവസ്ഥ എന്നെ ചിന്താകുലനാക്കി.' നബി(സ)തിരുമേനി പറയുന്നു: 'ഞാൻ സ്വപ്നത്തിൽ വളകൾ കണ്ടു. അതിന്റെ അവസ്ഥ എന്നെ ചിന്താകുലനാക്കി. എനിക്ക് സ്വപ്നത്തിൽ വഹ്‌യ്യ് ഇറക്കപ്പെട്ടു. അതായത് ഞാൻ അവയിൽ ഊതണമെന്ന്! അങ്ങനെ ഞാൻ അവക്കുമേൽ ഊതി. അവ പറന്നുപോയി. ഞാൻ അതിന്റെ വ്യാഖ്യാനം രണ്ടു കള്ളന്മാരാണെന്നു മനസ്സിലാക്കുന്നു. അവർ എനിക്കുശേഷം വെളിപ്പെടുന്നതാണ്. നിവേദകൻ ഉബയ്ദുല്ലാഹ് പറഞ്ഞു: 'അവരിൽ ഒന്ന് അൻസിയാണ്. അയാളെ ഫിറോസ് യമനിൽ വധിക്കുകയുണ്ടായി. രണ്ടാമത്തേത് മുസയ്‌ലിമ കദ്ദാബാണ്. ഇതും ബുഖാരിയിലുള്ള നിവേദനമാണ്. *(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബു വഫ്ദി ബനീ ഹനീഫത്ത വ ഹദീഥി ഥമാമത്തബ്നി ഉഥ്ഥാൽ നിവേദനം നമ്പർ 4374)(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബു ഖിസ്സ്വത്തിൽ അസ്‌വദിൽഅൻസിയ്യി, നിവേദനം നമ്പർ 4379)*

ഏതായിരുന്നാലും മേൽ നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് എന്തെന്നാൽ മുസയ്‌ലിമ കദ്ദാബ് ഒന്നിലധികം തവണ മദീനയിൽ വന്നിരുന്നു. ഒരിക്കൽ വന്ന സമയത്ത് അയാളുടെ സംഘം തങ്ങളുടെ സാധനങ്ങൾ നോക്കുന്നതിനുവേണ്ടി അയാളെ വിടുകയാണുണ്ടായത്. അയാൾക്ക് നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞിരുന്നില്ല. രണ്ടാമത്തെ തവണ അയാൾ മദീനയിൽ വന്ന സമയത്ത് നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അപ്പോഴാണ് അയാൾ നബി(സ)തിരുമേനിയുടെ പ്രതിനിധി ആകണമെന്ന ആവശ്യം ഉന്നയിച്ചത്. ഇതേ കുറിച്ച് സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽബാരിയിൽ എഴുതുന്നു: 'മുസയ്‌ലിമ രണ്ടുതവണ മദീനയിൽ വന്നിരിക്കാൻ സാധ്യതയുണ്ട്. ആദ്യത്തെ തവണ വന്ന സമയത്ത് ബനൂഹനീഫയുടെ നേതാവ് അയാളല്ലായിരുന്നു. മറ്റൊരാളായിരുന്നു. അതായത് ആ സമയത്ത് അയാൾ ഗോത്രത്തലവൻ ആയിരുന്നില്ല. മറ്റൊരാളായിരുന്നു. ഇയാളാണെങ്കിൽ അദ്ദേഹത്തിന് കീഴിലുമായിരുന്നു. അതുകൊണ്ടായിരിക്കാം അയാളെ സാധനങ്ങൾ നോക്കുന്നതിനു വേണ്ടി പിന്നിൽ നിറുത്തിപ്പോയത്. രണ്ടാമത്തെ തവണ വന്ന സമയത്ത് ജനങ്ങൾ അയാൾക്ക് കീഴിലായിരുന്നു. അപ്പോഴാണ് നബി(സ)തിരുമേനിയുമായി അയാളുടെ സംസാരമുണ്ടായത്. അതെ സമയം ഇത് ഒരേ സംഭവമാകാനും മതി. അയാൾ തന്നിഷ്ട പ്രകാരം തന്റെ സഹായികളെയും കൂട്ടി അയാളുടെ അഹങ്കാരം പ്രകടിപ്പിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ സദസ്സിൽ വന്നതായിരിക്കാം. അങ്ങനെ സാധനങ്ങളുടെ അടുത്ത് നിന്നതുമായിരിക്കാം. എന്നാൽ, നബി(സ)തിരുമേനി മനസ്സുകളെ യോജിപ്പിക്കുന്നതിനുവേണ്ടിയുള്ള ശീലമനുസരിച്ച് അയാളോട് ബഹുമാനപൂർവ്വം പെരുമാറിയതായിരിക്കാം. അയാൾ ഒരു വലിയ സംഘത്തോടൊപ്പമാണ് വന്നതെന്നും ഹദീഥുകളിലുണ്ട്. അയാൾ 17 ആളുകളോടൊപ്പമാണ് വന്നതെന്നും പറയപ്പെടുന്നു. ഇതും

മുസയ്‌ലിമ ഒന്നിലധികം തവണ മദീനയിൽവന്നു എന്നതിനുള്ള തെളിവാകുന്നു. *(ഫതഹുൽബാരി, ശറഹ് സ്വഹീഹുൽബുഖാരി ലിഇബ്നി ഹജർ, വാല്യം 8, പേജ് 112, രിവായത്ത് 4373, ഖദീമീ കുതുബുഖാന ആരാംബാഗ്, കറാച്ചി)*

ഏതായിരുന്നാലും ഈ സംഘം തിരിച്ച് യമാമയിലെത്തിയപ്പോൾ അലാഹുവിന്റെ ശത്രുവായ മുസയ്‌ലിമ മുർതദ്ദായി. അയാൾ നുബുവ്വത്ത് വാദം ഉന്നയിച്ചു. 'തന്നെയും നബി[സ]തിരുമേനിയുടെ നുബുവ്വത്തിൽ പങ്കാളിയാക്കിയിരിക്കുന്നു'വെന്ന് അയാൾ പറഞ്ഞു.

താങ്കൾ നബി[സ]തിരുമേനിയോട് എന്നെ കുറിച്ച് പരാമർശിച്ചിരുന്നപ്പോൾ അദ്ദേഹം സ്ഥാനമാനത്തിൽ താങ്കളെക്കാൾ മോശമല്ല എന്ന് പറഞ്ഞിരുന്നില്ലേ? നബി[സ] തിരുമേനി ഇത് പറയാൻ കാരണം നബി[സ]തിരുമേനിയ്ക്ക് അറിയാമായിരുന്നു താൻ നബിയാണെന്ന്. ബനൂഹനീഫക്ക് അറിയാമായിരുന്നു അവരും അദ്ദേഹത്തിന്റെ കാര്യത്തിൽ പങ്കാളിയാണെന്ന്. തുടർന്ന് മുസയ്‌ലിമ കൃത്രിമമായി വചനങ്ങളുണ്ടാക്കാൻ തുടങ്ങി. ജനങ്ങൾക്കു വേണ്ടി ഖുർആനിനെ കോപ്പി അടിച്ചുകൊണ്ട് വചനങ്ങളുണ്ടാക്കാൻ തുടങ്ങി. അവർക്ക് നമസ്കാരങ്ങൾ മാപ്പാക്കുകയും ചെയ്തു. അയാൾ സ്വന്തം ശരീഅത്ത് നടപ്പിലാക്കാൻ തുടങ്ങുകയും നമസ്കാരങ്ങൾ മാപ്പാക്കുകയുമുണ്ടായി. ഒരു നിവേദനമനുസരിച്ച് അയാൾ രണ്ടു നമസ്കാരങ്ങൾ, ഇശാ നമസ്കാരവും സ്വുബ്ഹി നമസ്കാരവും മാപ്പാക്കുകയും ജനങ്ങൾക്കിടയിൽ മദ്യവും വ്യഭിചാരവും അനുവദനീയമാക്കുകയും ചെയ്തു. അതോടൊപ്പം നബി[സ]തിരുമേനി നബിയാണെന്ന സാക്ഷ്യവും വഹിച്ചു. ബനൂഹനീഫ ഈ കാര്യങ്ങളിൽ അയാളുമായി ഐക്യപ്പെട്ടു. *(സുബുലുൽഹുദാ വർറശാദ് അൽബാബുത്താസിഅ് വഥലാഥൂന ഫീ വഫൂദി ബനീ ഹനീഫ.....വാല്യം 6, പേജ് 326, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 271, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1987)*

മുസയ്‌ലിമയുടെ ശക്തി വർധിപ്പിച്ച മറ്റൊരു കാര്യമെന്തെന്നാൽ റജ്ജാൽ ബിൻ ഉൻഫുവഹ് അയാളോടൊപ്പം ചേർന്നതാണ്. വളരെ തന്ത്രപൂർവ്വം അയാൾ അംഗീകരിക്കുകയും എല്ലാം സുഗമമാക്കുകയും ചെയ്തു. അതായത് ശരീഅത്തിൽ എളുപ്പമായമാർഗങ്ങൾ അനുവദിച്ചു. അല്ലാഹു എനിക്കും വഹി നൽകിയിരിക്കുന്നു. അതോടൊപ്പം നബി[സ]തിരുമേനി നബിയാണെന്നും അംഗീകരിച്ചിരുന്നു. അങ്ങനെ മുസ്‌ലിമീങ്ങൾക്ക് ഇയാൾ തങ്ങളെ നബി[സ]തിരുമേനിയിൽനിന്ന് അകറ്റുകയാണെന്ന ചിന്തപോലും ഉണ്ടാകാൻ ഇടവരുത്തിയില്ല. വളരെ കാപട്യത്തോടുകൂടി അയാൾ ഇതെല്ലാം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം എഴുതുന്നു: മുസയ്‌ലിമയുടെ ശക്തി വർധിക്കുന്നതിനുള്ള മറ്റൊരു കാരണം റജ്ജാൽ ബിൻ ഉൻഫുവഹ് അയാളോടൊപ്പം ചേർന്നതാണ്. ഇയാളും യമാമയിൽ താമസിക്കുന്ന ആളായിരുന്നു. ബനൂ ഹനീഫയുടെ സംഘത്തോടൊപ്പം വരികയും ചെയ്തിരുന്നു. ഹിജ്റത്ത് ചെയ്ത് നബി[സ]തിരുമേനിയുടെ അടുക്കൽ മദീനയിൽ വരികയുണ്ടായി. ഇവിടെവെച്ച് അയാൾ വിശുദ്ധ ഖുർആൻ പഠിക്കുകയും ദീനി വിദ്യാഭ്യാസം കരസ്ഥമാക്കുകയും ചെയ്തു.

മുസയ്‌ലിമ മുർതദ്ദായപ്പോൾ നബി[സ] തിരുമേനി റജ്ജാൽ ബിൻ ഉൻഫുവഹയെ യമാമക്കാരുടെ അടുക്കലേക്ക് മുഅല്ലിമായി അയച്ചു. ജനങ്ങളെ മുസയ്‌ലിമയെ അനുസരിക്കുന്നതിൽനിന്നു തടയാൻ വേണ്ടിയാണ് അയച്ചത്. പക്ഷേ, ഇയാൾ മുസയ്‌ലിമയേക്കാൾ കൂടുതൽ ഫിത്നക്ക് കാരണമായി. ഇയാൾ ജനങ്ങൾ മുസയ്‌ലിമയെ അനുസരിക്കുന്നത് കാണുന്നുണ്ടായിരുന്നു. അപ്പോൾ ജനങ്ങളുടെ കണ്ണിൽ പ്രാധാന്യമുള്ളവനാണെന്നു കാണിക്കാൻ വേണ്ടി അയാളോടൊപ്പം ചേർന്നു. ഇയാളെ വാസ്തവത്തിൽ അയച്ചത് അവിടെ പരിവർത്തനമുണ്ടാക്കുന്നതിനും ഫിത്ന തടയുന്നതിനുമായിരുന്നു. എന്നാൽ, ഇയാൾ മുസയ്‌ലിമയോടൊപ്പം ചേരുകയും മുസയ്‌ലിമയുടെ കള്ള നുബുവ്വത്തിനെ അംഗീകരിക്കുന്നതിനോടൊപ്പം തന്നെ നബി[സ] തിരുമേനിയുടെ ഭാഗത്തുനിന്ന് ഒരു വ്യാജ പ്രസ്താവന ആരോപിക്കുകയും ചെയ്തു. അതായത് നബി[സ]തിരുമേനി, മുസയ്‌ലിമയെ തന്റെ നുബുവ്വത്തിൽ പങ്കാളിയാക്കിയിരിക്കുന്നുവെന്ന്! അതും ഇയാൾ പ്രചരിപ്പിക്കയുണ്ടായി. ഇയാൾ വിശുദ്ധ ഖുർആനിന്റെ ജ്ഞാനം നേടിയിരുന്നു. അതുകൊണ്ട് ജനങ്ങൾ ഇയാളുടെ വാക്കുകളിൽ വിശ്വസിച്ചു. യമാമക്കാർ മുസയ്‌ലിമയുടെ നുബുവ്വത്തിന് സാക്ഷ്യം നല്കുന്നയാൾ നബി[സ]തിരുമേനിയുടെ കൂട്ടുകാരിൽ പെട്ട ആളാണെന്നും ഇയാൾ വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തെ സംബന്ധിച്ച് മനസ്സിലാക്കികൊടുക്കുന്ന ആളാണെന്നും കണ്ടപ്പോൾ അവർക്ക് മുസയ്‌ലിമയുടെ നുബുവ്വത്തിനെ നിരാകരിക്കാൻ പഴുതുകളൊന്നുമുണ്ടായില്ല. അവർ കൂട്ടംകൂട്ടമായി മുസയ്‌ലിമയുടെ അടുക്കൽ വന്നു ബയ്അത്ത് ചെയ്തുകൊണ്ടിരുന്നു.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, (മുത്തർറജിം) പേജ് 187–188, (താരീഖ് ഇബ്നുഖുൽദൂൻ, വാല്യം 2, പേജ് 437–438, ഖബ്ർ മുസയ്‌ലിമ വൽ യമാമ, ദാറുൽ കുതുബുൽഇൽമിയ്യ, ബെയ്റുത്ത്, 2016)*

മുസയ്‌ലിമ നബി[സ]തിരുമേനിക്ക് ഒരു കത്തും അയച്ചിരുന്നു. അതിലെ വാക്കുകൾ ഇങ്ങനെയാണ്: 'അല്ലാഹുവിന്റെ റസൂൽ മുസയ്‌ലിമ, മുഹമ്മദ് റസൂലുല്ലാക്ക് എഴുതുന്നത്: അമ്മാ ബഅദ്, പകുതിഭൂമി ഞങ്ങളുടേതും പകുതി ഖുറയ്ശികളുടേതുമാണ്. പക്ഷേ, ഖുറയ്ശികൾ നീതി കാണിക്കുന്നില്ല.' ഇതിനു മറുപടിയായി നബി[സ] തിരുമേനി അയാൾക്ക് കത്തെഴുതി: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം. മുഹമ്മദ് നബി[സ], മുസയ്‌ലിമ കദ്ദാബിന് എഴുതുന്നത്. അമ്മാ ബഅ്ദ്, തീർച്ചയായും ഭൂമി അല്ലാഹുവിന്റേതാകുന്നു. അവൻ തന്റെ ദാസന്മാരിൽ താനിച്ഛിക്കുന്നവരെ അതിന്റെ അവകാശികളാക്കുന്നു. ശുഭ പര്യവസാനം മുത്തഖീങ്ങൾക്കുള്ളതാകുന്നു. സന്മാർഗ്ഗത്തെ പിൻപറ്റുന്നവർക്ക് സമാധാനം.' *(ഫുതൂഹുൽബുൽദാൻ ലി ഇമാം അബിൽ ഹസ്സൻ അഹ്മദ് ബിൻ യഹ്‌യാ അൽബിലാദരി, പേജ് 59–60, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2000)*

ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഹബീബ് ബിൻ സയ്ദ് അൻസ്വാരി നബി[സ]തിരുമേനിയുടെ കത്തുമായി മുസയ്‌ലിമയുടെ അടുക്കൽപോയി. അദ്ദേഹം ഈ കത്ത് മുസയ്‌ലിമക്ക് കൊടുത്തപ്പോൾ അയാൾ ചോദിച്ചു: 'താങ്കൾ മുഹമ്മദ്[സ] അല്ലാഹുവിന്റെ റസൂലാണെന്ന് സാക്ഷ്യം വഹിക്കുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: ഉണ്ട്! പിന്നീട് ചോദിച്ചു; 'ഞാൻ അല്ലാഹുവിന്റെ പ്രവാചകൻ ആണെന്ന് സാക്ഷ്യം വഹിക്കുനുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ഞാൻ ബധിരനാണ് കേൾക്കാൻ കഴിയുന്നില്ല.' അതായത് വിഷയം മാറ്റാൻ ശ്രമിച്ചു. മുസയ്‌ലിമ കൂടെക്കൂടെ ഇതേ ചോദ്യം ആവർത്തിച്ചു. അദ്ദേഹം ഇതേ മറുപടി തന്നെ പറഞ്ഞുകൊണ്ടിരുന്നു. ഒരു തവണപോലും ഹദ്റത്ത് ഹബീബ് അയാളുടെ ഇംഗിതത്തിനനുസരിച്ച് മറുപടി കൊടുത്തില്ല. താനും നബിയാണെന്ന് അദ്ദേഹംഅംഗീകരിക്കണമെന്നാണ്അയാൾ ആഗ്രഹിച്ചത്. തന്റെ ഇംഗിതത്തിനനുസരിച്ച് മറുപടി കിട്ടാതാകുമ്പോൾ ഓരോ തവണയും അയാൾ അദ്ദേഹത്തിന്റെ ഓരോ അവയവം മുറിക്കുമായിരുന്നു. 'അതെ' എന്ന് ഉത്തരം ലഭിക്കാൻ അദ്ദേഹത്തിന്റെ ഏതെങ്കിലും അവയവം മുറിച്ചുകൊണ്ട് ഭീഷണി ചെയ്യുകയായിരുന്നു. ഹദ്റത്ത് ഹബീബ് സഹനത്തിന്റേയും സ്ഥൈര്യത്തിന്റെയും പർവ്വതമായി നിലകൊണ്ടു. എത്രത്തോളമെന്നാൽ അയാൾ അദ്ദേഹത്തെ തുണ്ടം തുണ്ടമാക്കി വെട്ടിയിട്ടു. അയാൾക്ക് മുന്നിൽ ഹദ്റത്ത് ഹബീബ് ശഹാദത്തിന്റ പീയൂഷം നുകർന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി പേജ് 349).*

മുസയ്‌ലിമ യമാമയിൽ തുറന്ന നിലയിൽ കലാപക്കൊടി ഉയർത്തിയിരുന്നു. അയാൾ നുബുവ്വത്ത് വാദിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് അക്രമവും നടത്തി. തന്നെ നബിയാണെന്നു അംഗീകരിക്കാത്തവരോട് അങ്ങനെയാണ് പെരുമാറിയത്. മുസയ്‌ലിമ യമാമയിൽ കലാപക്കൊടി ഉയർത്തുകയും നബി[സ]തിരുമേനിയുടെ കൈകാര്യകർത്താവായ ഹദ്റത്ത് ഥുമാമ ബിൻ ഉഥ്ഥാലിനെ യമാമയിൽനിന്ന് നീക്കുകയും ചെയ്തു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, പേജ് 101, ഇൽമ് വ ഇർഫാൻ പബ്ലിഷേർസ് ലാഹോർ 2004)(താരീഖുൽ ഖുമയ്സ് വാല്യം 3, പേജ് 81, ഖിസ്സത്തുസ ജാഹ് ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2009)*

നബി[സ]തിരുമേനി വഫാത്താകുകയും ഹദ്റത്ത് അബൂബക്ർ[റ] മുർത്തദ്ദീങ്ങളുടെ അടുക്കലേക്ക് സൈനിക നീക്കം നടത്തുകയും ചെയ്തപ്പോൾ ഹദ്റത്ത് ഇക്‌രിയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ മുസയ്‌ലിമക്കെതിരിൽ അയച്ചു. അദ്ദേഹത്തിന്റെ സഹായത്തിനുവേണ്ടി ഹദ്റത്ത്

ശുറഹ്ബീൽ ബിൻ ഹസനയെയും അദ്ദേഹത്തിന് പിന്നിൽ അയക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ[റ] ഇക്രിമയോട് ആവർത്തിച്ച് ഉപദേശിച്ചുകൊണ്ട്, ശുറഹ്ബീൽ എത്തുന്നതിനുമുമ്പേ മുസയ്‌ലിമയുമായി യുദ്ധം ആരംഭിക്കരുതെന്ന് പറഞ്ഞു. എന്നാൽ, ഹദ്റത്ത് ഇക്രിമ? ധിറുതി കാണിക്കുകയും ഹദ്റത്ത് ശുറഹ്ബീൽ എത്തുന്നതിനുമുമ്പേതന്നെ യമാമയെ ആക്രമിക്കുകയും ചെയ്തു. വിജയത്തിന്റെ പേര് തനിക്കാകണം എന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. എന്നാൽ, അദ്ദേഹം മുസീബത്തിൽ അകപ്പെട്ടു. അദ്ദേഹത്തിന് പരാജയം രുചിക്കേണ്ടി വന്നു. മുസയ്‌ലിമയുടെ സൈന്യം വളരെ വലുതായിരുന്നു. ഹദ്റത്ത് ശുറഹ്ബീൽ ഈ സംഭവത്തെ കുറിച്ചറിഞ്ഞപ്പോൾ അദ്ദേഹം വഴിയിൽത്തന്നെ തങ്ങി. ഹദ്റത്ത് ഇക്രിമ ഹദ്റത്ത് അബുബക്റിന് ഈ സംഭവത്തെ കുറിച്ച് എഴുതി. അപ്പോൾ ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തിന് ഇങ്ങനെ മറുപടി എഴുതി: 'ഞാൻ നിങ്ങളുടെ രൂപംപോലും കാണാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ എന്നെയും കാണേണ്ട. ഞാൻ നിങ്ങളോടു പറഞ്ഞ നിർദ്ദേശത്തെ നിങ്ങൾ ധിക്കരിച്ചിരിക്കുന്നു. ഇവിടെ തിരിച്ചു വരേണ്ടതില്ല. ജനങ്ങൾ ഭീരുക്കളാകും. നിങ്ങൾ ഹദ്റത്ത് ഹുദയ്ഫയുടെയും അർഫജയുടെയും അടുത്ത് പോകുക. അവരോടു ചേർന്ന് ഒമാൻകാരോടും മഹ്റക്കാരോടും യുദ്ധം ചെയ്യുക. മഹ്റ അറേബ്യയുടെ തെക്കുഭാഗത്ത് കിഴക്കൻ കടലോരത്ത് ഇന്ത്യൻ ഉൾക്കടലിന്റെ തീരത്തുള്ള പ്രദേശമാണ്. പിന്നെ അവിടെ നിന്ന് നിങ്ങളുടെ സൈന്യവുമായി യമനിലേക്കും ഹളറ മൗത്തിലേക്കും പോകുക. അവിടെ പോയി ഇസ്‌ലാമിക സൈന്യത്തോടൊപ്പം ചേരുക. ഹളറ മൗത്തും യമന്റെ കിഴക്കുള്ള ഒരു രാജ്യമാകുന്നു. അതിന്റെ തെക്കൻ അതിർത്തി സമുദ്രമാണ്.

മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബൂബക്റിന്റെ കത്തിലെ വാക്കുകൾ ഇങ്ങനെ കാണാൻ കഴിയും. 'പഠിപ്പിക്കേണ്ടത് അറിയില്ല. ശിഷ്യത്വത്തെ ഭയപ്പെടുകയും ചെയ്യുന്നു. ഇത്രപോലും നിനക്ക് എന്താണെന്ന് ശരിയായി അറിയില്ല. യുദ്ധങ്ങൾക്ക് രീതിയും ഭാവവുമുണ്ട്. അതിൽ പരിചയസമ്പന്നനാകേണ്ടതത്ര നീ ആയിട്ടില്ല. പഠിക്കുന്നതിൽ നീ പരിഭ്രമിക്കുകയും ചെയ്യുന്നു. നീ എന്നെ കാണുമ്പോൾ ഞാൻ നിന്നോട് എങ്ങനെയാണ് പെരുമാറുന്നതെന്ന് കാണാം. ശുറഹ്ബീൽ വരുന്നതുവരെ നീ എന്തുകൊണ്ട് കാത്തുനിന്നില്ല. അദ്ദേഹത്തിന്റെ സഹായ സഹകരണത്തോടെ യുദ്ധം ചെയ്യേണ്ടതായിരുന്നു. ഇനി ഹുദയ്ഫയുടെ അടുത്ത് പോയി സഹായിക്കുക. നീ കാലത്തിന്റെ ഖലീഫയുടെ കൽപന ധിക്കരിച്ചിരിക്കുന്നു. സ്വയമേവ വലിയ ഉസ്താദായി കണക്കാക്കുന്നു. പഠിക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇനി എന്റെ അടുക്കൽ വരരുത്. എന്നെ കണ്ടുമുട്ടുകയാണെങ്കിൽ പിന്നെ ഞാൻ നിന്നോട് എങ്ങനെ പെരുമാറുമെന്ന് കാണാം. ഏതായിരുന്നാലും ഹുദയ്ഫയുടെ അടുക്കൽ പോകുക. അദ്ദേഹത്തെ സഹായിക്കുക. അദ്ദേഹവുമായി ചേർന്ന് അദ്ദേഹത്തിന്റെ ദൗത്യം പൂർത്തിയാക്കാൻ സഹായിക്കുക. അദ്ദേഹത്തിന് നിങ്ങളുടെ സഹായം ആവശ്യമില്ലെങ്കിൽ യമനിലേക്കും ഹളർ മൗത്തിലേക്കും പോകുക. മുഹാജിർ ബിൻ ഉമയ്യയെ സഹായിക്കുക. ഹദ്റത് അബൂബക്ർ മുഹാജിർ ബിൻ ഉമയ്യയെ കിൻദ ഗോത്രത്തെ നേരിടാൻ ഹളർ മൗത്തിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. *(സീറത്ത് ഖലീഫത്തുർറസൂൽ സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ത്വാലിബ് അൽഹാശ്മി, പേജ് 204)(ഉർദു ദാഇറ മആരിഫെ ഇസ്‌ലാമിയ്യ, വാല്യം 21, പേജ് 898, മഹറഹ് എന്ന പദം)(ഉർദു ദാഇറ മആരിഫെ ഇസ്‌ലാമിയ്യ, വാല്യം 8, പേജ് 408, ഹളറമൗത്ത് എന്ന പദം)(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരി ഖുതൂത് പേജ് 24, പ്രസാധനം 1960)(താരീഖ് അത്ത്വബരിയിൽനിന്നെടുത്തത്, വാല്യം 2, പേജ് 257)(അൽകാമിൽ ഫിത്താരീഖി ലി ഇബ്നി അഥീറിൽനിന്നെടുത്തത്, വാല്യം 2, പേജ് 218-219, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് ശുറഹ്ബിലിനോട് അടുത്തൊരു കൽപന വരുന്നതുവരെ അവിടെത്തന്നെ നിൽക്കാൻ കല്പിച്ചു. പിന്നെ ഖാലിദ് ബിൻ വലീദിനെ യമാമയിലേക്ക് അയക്കുന്നതിന് മുമ്പേ ശുറഹ്ബീലിനു ഇങ്ങനെ എഴുതി: 'ഖാലിദ് താങ്കളുടെ അടുത്തു വരുന്നു. യമാമയിൽനിന്ന് പിന്തിരിഞ്ഞശേഷം 'ഖുളാഅ' യിലേക്ക് തിരിക്കുക. ഹദ്റത്ത് അംറ് ബിൻ ആസിനോടൊപ്പം ഇസ്‌ലാമിനെ എതിർക്കുന്ന 'ഖുളാഅ'യിലെ കലാപകാരികളെ പിടികൂടുക. അവരെ നേരിടാൻ ഉറച്ചു നിൽക്കുക. *(താരീഖു അത്ത്വബരി, വാല്യം 2, പേജ് 275, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

ഇവിടെ നിഷേധം മാത്രമല്ല എതിർപ്പുമുണ്ട്. ഹദ്റത്ത് ശുറഹ്ബീലും ഹദ്റത്ത് അബൂബക്റിന്റെ നിർദ്ദേശത്തിനെതിരിൽ ഹദ്റത്ത് ഇക്രിമയെപോലെ ധിറുതി കാണിക്കുകയും ഹദ്റത്ത് ഖാലിദ് എത്തുന്നതിനുമുമ്പേ മുസയ്‌ലിമയുമായി യുദ്ധം ആരംഭിക്കുകയും ചെയ്തു. എന്നാൽ, അദ്ദേഹത്തിനും പരാജയം അനുഭവിക്കേണ്ടി വന്നു. അതിൽ ഹദ്റത്ത് ഖാലിദ് അദ്ദേഹത്തോട് നീരസം പ്രകടിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് ഖാലിദിന്റെ സഹായത്തിനുവേണ്ടി ഹദ്റത്ത് സലീത്വിന്റെ നേതൃത്വത്തിൽ കൂടുതൽ സഹായ സൈന്യത്തെയും അവർക്ക് ചുറ്റുപാടിലും സംരക്ഷണം ഒരുക്കാൻ അയച്ചിരുന്നു. *(അൽകാമിൽ ഫിത്താരീഖി ലി ഇബ്നി അഥീറിൽനിന്നെടുത്തത്, വാല്യം 2, പേജ് 219, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

ഹദ്റത്ത് അബൂബക്ർ[റ] ഹദ്റത്ത് ഖാലിദിനെ മുസയ്‌ലിമയുടെ അടുത്ത് അയച്ചു. അദ്ദേഹത്തോടൊപ്പം യുദ്ധം ചെയ്യാൻ മുഹാജിരീങ്ങളുടെയും അൻസ്വാറിന്റേയും ഒരു സംഘത്തെയും അയച്ചിരുന്നു. ഹദ്റത്ത് അബൂബക്ർ[റ] അൻസ്വാറിന് ഹദ്റത്ത് ഥാബിത് ബിൻ ഖയ്സിനെയും മുഹാജിറുകൾക്ക് ഹദ്റത്ത് അബുഹുദയ്ഫയേയും സയ്ദ് ബിൻ ഖത്വാബിനെയും അമീർമാരായി നിശ്ചയിച്ചു. ഇങ്ങനെ എല്ലാ ഗോത്രങ്ങൾക്കും ഓരോരുത്തരെ മേൽനോട്ടക്കാരായി നിശ്ചയിക്കുകയുണ്ടായി. ഹദ്റത്ത് ഖാലിദ് ബുത്വാഹ് പ്രദേശത്ത് ഈ സൈന്യത്തിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ബുത്വാഹ് തമീംഗോത്രത്തിന്റെ പ്രദേശത്തുള്ള ഒരു സ്ഥലമാകുന്നു. ഏതായാലും ഇവർ എല്ലാവരും ഹദ്റത്ത് ഖാലിദിന്റെ അടുത്തെത്തി യമാമയിലേക്ക് തിരിച്ചു. ആ ദിവസം ബനൂ ഹനീഫ വളരെയധിമായിരുന്നു. 40000 പട്ടാളക്കാർ അടങ്ങുന്നതായിരുന്നു അവരുടെ സൈന്യം. മുസയ്‌ലിമയുടെ കൂടെ ഉണ്ടായിരുന്ന ഈ യമാമയിലെ ആളുകളുടെ എണ്ണം നാല്പതിനായിരമായിരുന്നു. ഒരു നിവേദനമനുസരിച്ച് അവരുടെ എണ്ണം ഒരു ലക്ഷമോ അതിലധികമോ ആയിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ പതിനായിരത്തിലധികമേ ഉണ്ടായിരുന്നുള്ളു. *(അൽബിദായ വന്നിഹായ, വാല്യം 3, ഭാഗം 6, പേജ് 267, ദാറുൽകുതുബുൽ ഇൽമിയ്യ)(ഫർഹങ്കെ സീറത്ത് പേജ് 58)*

ഏതായിരുന്നാലും അവിടെ യുദ്ധം തുടങ്ങേണ്ടതായിരുന്നു. വലിയ യുദ്ധനീക്കം ആരംഭിക്കുന്നതിനു മുമ്പേ മുസ്‌ലിമീങ്ങൾ ബനൂഹനീഫയുടെ ഒരു നേതാവിനെ അറസ്റ്റു ചെയ്തു. ഒരു നിവേദനത്തിൽ പറയുന്നു: ബനൂ ഹനീഫയുടെ നേതാവായിരുന്ന മുജ്ജാഅ ബിൻ മുറാറ, ഒരു സംഘത്തോടൊപ്പം പുറത്തുവന്നപ്പോൾ മുസ്‌ലിമീങ്ങൾ അയാളേയും കൂട്ടാളികളെയും പിടികൂടി. ഹദ്റത്ത് ഖാലിദ് അയാളുടെ കൂട്ടാളികളെ വധിക്കുകയും

ശേഷം പേജ് 8 ൽ

**• കലാമുൽ ഇമാം •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി[സ]തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'നബി[സ]തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 24 പേജ് 7, കോളം 2–ൽ നിന്ന്)

### അതിഥികളുടെ വിശ്വാസവർധക പ്രതികരണങ്ങൾ

ഹുദൂർ അൻവറിന്റെ പ്രഭാഷണം അതിഥികളിൽ അഗാധസ്വാധീനമാണ് ചെലുത്തിയത്. ധാരാളം അതിഥികൾ തങ്ങളുടെ പ്രതികരണം അറിയിച്ചു.

ജർമൻ പാർലമെന്റംഗം ബെറ്റിനാ മുള്ളർ (Bettina Muller)സാഹിബ പറയുന്നു: 'അഹ്മദിയ്യ ജമാഅത്ത് ഇമാമിന്റെ പ്രഭാഷണത്തിൽനിന്നു തന്നെ സമധാനത്തിന്റെ സുഗന്ധം വരുന്നുണ്ടായിരുന്നു. പരിപാടി നടന്ന അന്തരീക്ഷത്തിലാകമാനം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുള്ള സമാധാനത്തിന്റേയും സത്യസന്ധതയുടേയും സ്വാധീനം എന്നെ സ്പർശിച്ചു കൊണ്ടിരുന്നു.'

മറ്റൊരു പാർലമെന്റംഗം സാക്കിൻ നാസ്റ്റിക് (Zakin Nastic) സാഹിബ പറയുന്നു:'അഹ്മദിയ്യ ജമാഅത്ത് ഇമാം എല്ലാ വീക്ഷണകോണിലും തന്റെ അഭിപ്രായം വിശദമാക്കി. ഇത്ര തെളിഞ്ഞ പ്രഭാഷണ ശൈലി സത്യസന്ധതയും ചിന്താപരമായ ആത്മാർഥതയും കൂടാതെ സ്വീകരിക്കുക സാധ്യമല്ല. അഹ്മദിയ്യ ജമാഅത്ത് ഇമാമിന്റെ ഓരോ വാക്കിനോടും ഞാൻ പൂർണമായും യോജിക്കുന്നു.'

പാർലമെന്റംഗം അലക്സാണ്ടർ റെഡ്വാൻ (Alexander Radwan)സാഹിബ് പറയുന്നു:അഹ്മദിയ്യ ജമാഅത്ത് ഇമാം നല്കിയ ശാന്തി സമാധാനത്തിന്റെ സന്ദേശത്തിന്റെ ഉറവിടം ഖുർആൻ ആയിരുന്നു. അദ്ദേഹം തന്റെ വീക്ഷണത്തിന് സഹായകമായി വിശുദ്ധ ഖുർആനും ഇസ്ലാം മതസ്ഥാപകരുടെ തിരുമൊഴികളുമാണ് അവലംബിച്ചത്. ഈ വിഷയം നവീനമായിരുന്നെങ്കിലും സമകാലീന പ്രശ്നങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നതായിരുന്നു. എന്നാൽ, പുരാതന ഇസ്ലാമിക ചരിത്ര ഉറവിടങ്ങളുടെ സഹായത്തോടെ ഇസ്ലാമും വിശുദ്ധ ഖുർആനും ഒന്നാം ദിവസം മുതൽതന്നെ മതത്തിന്റെ മൂലതത്ത്വങ്ങളിട്ടു കൊണ്ട് മാനുഷികാനുകമ്പയുടേയും സമാധാനത്തിന്റേയും അധ്യാപനങ്ങളാണ് മുന്നോട്ട് വെച്ചതെന്ന് ഖലീഫ സ്ഥാപിച്ചു. എന്റെ അഭിപ്രായത്തിൽ ഈ പ്രഭാഷണം വിശാലാടിസ്ഥാനത്തിൽ പ്രസിദ്ധമാക്കണമെന്നാണ്. പാശ്ചാത്യ ലോകത്ത് ഇസ്ലാമിനെ സംബന്ധിച്ചുള്ള യഥാർഥ അധ്യാപനം പൊതുജനതക്ക് ബോധ്യപ്പെടുത്താൻ ഇതു മുഖേന സാധിക്കും.

പാർലമെന്റംഗം ക്രിസ്റ്റിനെ ബുച്ചോൾസ് (Christine Buchholz) സാഹിബ പറയുന്നു:സമകാലീന ലോകത്തിന്റെ നെഞ്ചിടിപ്പ് തികച്ചും ശരിയായ രൂപത്തിൽ അഹ്മദിയ്യ ജമാഅത്ത് ഇമാം മനസ്സിലാക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ തിരിച്ചറിവ് ശരിയായതുകൊണ്ട് നിർദ്ദേശിച്ചിരിക്കുന്ന ചികിത്സയും സാമൂഹികമായി നിലനില്ക്കുന്ന അശാന്തിക്ക് ദീർഘകാല ചികിത്സയാണ്.'

ഗോഖൽ യേസിൽ(Gokhal Yesil) സാഹിബ പറയുന്നു: അഹ്മദിയ്യ ജമാഅത്ത് ഇമാമിന്റെ തെളിവുകളോടെയുള്ള വീക്ഷണം എന്നെ ആഴത്തിൽ സ്വാധീനിച്ചു. ഈ സന്ദേശം എവിടെയൊക്കെ എത്തുന്നുവോ അവിടെയൊക്കെ വിദ്വേഷമില്ലാത്ത മാനുഷിക പ്രകൃതി സങ്കോചമില്ലാതെ ഇതിനോട് യോജിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.'

ആഭ്യന്തര മന്ത്രിയായ നീൽ എന്നെൻ(Niel Annen) സാഹിബ് പറയുന്നു:'മതത്തെ സംബന്ധിച്ചും സാമൂഹിക മാതൃകകളെ സംബന്ധിച്ചും അഹ്മദിയ്യ ജമാഅത്ത് ഇമാം സമർപ്പിച്ച വിശദാംശങ്ങളും വിശദീകരണങ്ങളും താരതമ്യവും മനസ്സിലാക്കിയതിന്നുശേഷം പാക്കിസ്താനിൽ ഈ ജമാഅത്തിനെതിരിൽ നടക്കുന്ന അവകാശ നിഷേധത്തിനെ കുറിച്ചും അതിക്രമപരമായ നിയന്ത്രണങ്ങളെ കുറിച്ചും സാധ്യമാകുന്ന എല്ലാ മേഖലകളിലും ശബ്ദം ഉയർത്തുന്നതിന് എനിക്ക് എളുപ്പം കൈവന്നിരിക്കുന്നു. മനുഷ്യാവകാകാശങ്ങൾ സംരക്ഷിക്കുന്നതിനു അഹ്മദിയ്യാ ജമാഅത്ത് ഉയർത്തുന്ന ശബ്ദം ഏതെങ്കിലും മതത്തിനോ വിഭാഗത്തിനോ വേണ്ടിയല്ലെന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പ്രത്യുത ആഗോളതലത്തിൽ സമഗ്രമായ മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കാനുള്ള ശ്രമമാണിത്.'

ക്രസ്റ്റോഫ് സ്ട്രാക്ക് (Christoph Strack) സാഹിബ് പറയുന്നു: ജീവിതത്തിൽ ഒരു പക്ഷേ, മുസ്ലിമീങ്ങൾ സംഘടിപ്പിച്ച ഇതു പോലെയുള്ള പരിപാടി ഞാൻ കാണുകയോ പങ്കെടുക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ സമസ്ത അന്തരീക്ഷവും സമാധാന നിരഭരവും ഇതിൽ നടക്കുന്ന സംഭാഷണങ്ങൾ സമഗ്രവും തെളിവോടു കൂടിയതുമാണ്. പ്രത്യക്ഷ സംസ്കാരത്തിന്റേയും നാഗരികതയുടേയും സാമൂഹിക പുരോഗതിയുടേയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഭിന്നതകളെ ആർക്കെങ്കിലും കാണാൻ സാധിക്കുമെന്നതിൽ എനിക്ക് സന്തോഷമുണ്ട്. അഹ്മദിയ്യ ജമാഅത്ത് ഇമാമിന്റെ വ്യക്തിത്വത്തിൽ സ്ഥിതി ചെയ്യുന്ന സത്യസന്ധതയും നിസ്വാർഥമായ മാനുഷിക അനുകമ്പയും തുറന്ന നിലയിൽ മാനവികതയുടെ മേൽ ഉരുണ്ടു കൂടുന്ന അറ്റോമിക് യുദ്ധത്തിന്റെ ഭീഷണികളെ സംബന്ധിച്ച് താക്കീതു ചെയ്യാൻ അദ്ദേഹത്തെ ശക്തിപ്പെടുത്തുന്നു.'

ആംനസ്റ്റി ഇന്റർ നാഷണിലിന്റെ വക്താവ് മിസ്റ്റർ ചാ (Chaa)സാഹിബ് പറയുന്നു: 'മനഃസമാധാനം കൈവരുന്ന തരത്തിലുള്ള ആഴത്തിലുളള സ്വാധീനമാണ് അഹ്മദിയ്യ ജമാഅത്ത് ഇമാമിന്റെ പ്രഭാഷണവും അദ്ദേഹത്തിന്റെ വ്യക്തിത്വവും എന്നിൽ സൃഷ്ടിച്ചത്. മുമ്പേ ഖലീഫ നല്കിയ വ്യാഖ്യാനത്തിന്റെ സഹായത്തോടെ സംസ്കാരത്തേയും നാഗരികതയേയും സംബന്ധിച്ചും പ്രത്യക്ഷമായ പരസ്പര ബന്ധത്തെ കുറിച്ചും അദ്ദേഹം വ്യക്തമാക്കിയ കാര്യങ്ങളെ നവീന കാലഘട്ടത്തിലെ ബൗദ്ധിക സമൂഹത്തിനും നിഷേധിക്കാൻ കഴിയില്ല. ഖുർആനിക വചനങ്ങളെ വളരെ നല്ല നിലയിൽ ഖലീഫ വിശദീകരിച്ചു. ഇസ്ലാമിനെ സംബന്ധിച്ച് വിദ്വേഷം പുലർത്തുന്നവർ സന്ദർഭത്തിൽ നിന്നു അടർത്തി മാറ്റി പ്രയോഗിക്കുന്ന വചനങ്ങളാണിത്.

പാർലമെന്റംഗം ജനാബ് ഫില്ലിസ് ലൂപോട്ട്(Fillis Lupot) സാഹിബ് പറയുന്നു: അഹ്മദിയ്യ ജമാഅത്ത് ഇമാം ഒരു സമ്മിശ്ര പ്രകൃതി ഉൾക്കൊള്ളുന്ന വ്യക്തിത്വമാണ്. സമൂഹത്തിലെ ഏറ്റവും താഴെ സ്ഥിതിയിലുള്ള വിഭാഗത്തിലും അദ്ദേഹത്തിന്റെ ദൃഷ്ടിയുണ്ട്. സമഗ്രതയോടെ അദ്ദേഹം സമർപ്പിക്കുന്ന മാനുഷിക അനുകമ്പയോടും മൂല്യങ്ങളോടുമുള്ള ആദരവ് മനസ്സിലാക്കി തരുന്നത് വ്യക്തിപരമായി അദ്ദേഹം പൊതുജനവുമായി ആഴത്തിൽ ബന്ധം വെക്കുന്ന വ്യക്തിത്വമാണെന്നാണ്. പൊതു ജനങ്ങളുമായി മത, രാഷ്ട്രീയ നേതാക്കന്മാർ പുലർത്തുന്ന അകൽച്ച അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് അന്യമാണ്.'

പ്രൊഫസർ ഹെരിബേർട്ട് ഹിർട്ടെ(Prof.Heribert Hirte) സാഹിബ് പറയുന്നു: 'വിദ്യാഭ്യാസ രംഗത്ത് തന്റെ ജമാഅത്തിനെ മാതൃകാപരമാക്കിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഇമാം മറ്റെല്ലാ വിഭാഗങ്ങളിൽ നിന്നു വ്യത്യസ്തമായ സ്ഥാനത്തു അവരെ നിലനിറുത്തിയിരിക്കുന്നു. ഏതൊരു ജമാഅത്തിലെ വ്യക്തികൾ വിദ്യാഭ്യാസത്തിൽ ഇത്രയധികം ശ്രദ്ധ പുലർത്തുമോ നേതൃത്വപരമായ സ്ഥാനമാണ് അവർ വഹിക്കുക. അന്ധമായ അനുകരണം അവർ ചെയ്യാറില്ല. അതുകൊണ്ട് മതപരമായ തലത്തിൽ ഇത്തരം വീക്ഷണം വെച്ചു പുലർത്തുന്ന മാർഗദർശികളുമായി കൂടിക്കാഴ്ച ചെയ്യാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്.'

ഒരു പാർലമെന്റംഗം ആക്സെൽ നോറിഗ്(Axel Knoerig) സാഹിബ് പറയുന്നു: 'ഇക്കലഘട്ടത്തിൽ നേതൃത്വം പൊതു ജനങ്ങളുടേയും പ്രജകളുടേയും പ്രയാസങ്ങളിൽനിന്നു വിദൂരത്താണ്. കേവലം സ്വന്തം പ്രശ്നങ്ങളെ കുറിച്ചും പ്രയാസങ്ങളെ കുറിച്ചും മാത്രം പറയുന്നു. വ്യക്തിഗതമായ നിലയിലുള്ള വേദനയിൽനിന്നും അനുഭവങ്ങളിൽ നിന്നും മുക്തരാണിവർ. അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ പ്രഭാഷണം അദ്ദേഹത്തിന് പൊതു ജനങ്ങളുമായുള്ള ബന്ധത്തിന്റെ നിദർശനമാണെന്നതിൽ എനിക്ക് സന്തോഷമുണ്ട്. മനുഷ്യരോടുള്ള സ്നേഹത്തിന്റേയും അനുകമ്പയുടേയും സ്വാധീനം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ നിന്നു ലഭിക്കുന്നു. ഞാൻപോയി ഈ പ്രഭാഷണം വീണ്ടും വായിക്കും. എനിക്ക് സ്വാധീനം ഉള്ളിടത്തെല്ലാം ഇക്കാര്യം വിശദീകരിക്കുകയും ചെയ്യും.'

ഒരു പാർലമെന്റംഗം ഫിലിസ് പോലാട്ട് (Filiz Polat) സാഹിബ പറയുന്നു: 'നാഗരികതാ സംവിധാനത്തെ കുറിച്ചുള്ള സമഗ്രവും സമ്പൂർണ്ണവുമായ വിശദാംശമാണ് അഹ്മദിയ്യാ ജമാഅത്ത് ഇമാം സമർപ്പിച്ചത്. പ്രോഗ്രാമിനുശേഷം അദ്ദേഹവുമായി സംസാരിക്കാൻ അവസരം കിട്ടിയപ്പോൾ അന്തരീക്ഷത്തിന്റേയും കാലാവസ്ഥയുടേയും സംരക്ഷണത്തെ കുറിച്ചും അദ്ദേഹത്തോട് സംസാരിച്ചു. ഇതൊരു ആഗോള പ്രശ്നമാണെന്നും എല്ലാ രാഷ്ട്രങ്ങളുടേയും സംയുക്തമായ ശ്രമങ്ങൾ ഉണ്ടാകുന്നതു വരെ ക്രിയാത്മകമായ മുന്നേറ്റം സാധ്യമല്ലെന്നുമാണ് അദ്ദേഹം പ്രതിവചിച്ചത്. ഇത്തരത്തിലുള്ള ആഗോള പരിസ്ഥിതി പ്രശ്നങ്ങളുടെ പരിഹാരം ഏതെങ്കിലും ഒരു രാജ്യത്തിന്റെ ശ്രമങ്ങൾകൊണ്ട് സാധ്യമാകില്ല.

ശേഷം പേജ് 12 ൽ

# സ്വലാത്തിന്റെ അനുഗ്രഹങ്ങളും ആത്മീയ സ്വാധീനങ്ങളും

താഹിർ അഹ്മദ് ചീമ
ഉസ്താദ് ജാമിഅ അഹ്മദിയ്യ

**ഇന്നല്ലാഹ വ മലാഇക്കത്തഹൂ യുസ്വല്ലൂന അലന്നബിയ്യ്- യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ** (33:57)

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)തിരുമേനിയുടെമേൽ കാരുണ്യം വർഷിക്കുന്നു. അല്ലയോ വിശ്വാസികളേ! നിങ്ങളും അദ്ദേഹത്തിനുമേൽ നല്ലവണ്ണം സ്വലാത്ത് ചൊല്ലുക.

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ്വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ് അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ്വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്**

ഈ ദൈവവചനത്തിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നബി(സ)തിരുമേനിയുടെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അല്ലാഹു അവയെ സ്തുതിക്കുന്നതിനോ സവിശേഷഗുണങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിനോ ഒരു വാക്കും പ്രത്യേകമായി പറഞ്ഞില്ല എന്നതാണ്. വാക്കുകൾ കിട്ടുമായിരുന്നു. പക്ഷേ, സ്വയം അത് ഉപയോഗിച്ചില്ല. അതായത് നബി(സ)തിരുമേനിയുടെ സർകർമങ്ങളുടെ സ്തുതി ക്ലിപ്തപ്പെടുത്തുന്നതിന് അതീതമായിരുന്നു. ഇത്തരത്തിലുള്ള വചനം മറ്റൊരു നബിയുടേയും തേജോവിലാസത്തിന് ഉപയോഗിച്ചില്ല. നബി(സ)തിരുമേനിയുടെ റൂഹിൽ അതയത് ആത്മാവിൽ സത്യസന്ധതയും പരിശുദ്ധിയുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ എത്രമാത്രം ഇഷ്ടപ്പെട്ടതായിരുന്നുവെന്നാൽ അല്ലാഹു എന്നെന്നേക്കുമായി നന്ദി എന്ന നിലയിൽ സ്വലാത്ത് ചൊല്ലാൻ കല്പന പുറപ്പെടുവിച്ചു.' *(അൽഹക്കം പത്രം വാല്യം 7, പേജ് 25)*

അല്ലാഹു വളരെ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്; അവൻ ദൈവകൃപകളിൽനിന്നും നബി(സ)തിരുമേനിയുടെ അറ്റമില്ലാത്ത പ്രകാശങ്ങളിൽനിന്നും അനുഗ്രഹങ്ങളിൽനിന്നും ഭാഗമെടുക്കുന്നതിനുവേണ്ടിയുള്ള ഒരു മാർഗമായി സ്വലാത്തിനെ വെച്ചിരിക്കുന്നു. ഇതിൽനിന്ന് എല്ലാ ഓരോ മുഅ്മിനും തന്റെ കഴിവും തൗഫീഖുമനുസരിച്ച് അനുഗ്രഹം കരസ്ഥമാക്കാവുന്നതാണ്.

സ്വലാത്തിന്റെ അനുഗ്രഹങ്ങളുടെ ചർച്ചയിൽ എണ്ണമറ്റ ഹദീഥുകൾ നബി(സ)തിരുമേനിയിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ത്വൽഹ(റ) തന്റെ പിതാവിൽനിന്ന് നിവേദനം: 'ഒരിക്കൽ നബി(സ)തിരുമേനി വന്നു. അവിടത്തെ മുഖത്ത് സന്തോഷം പ്രകടമായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: ജിബ്‌രീൽ(അ)എന്റെയടുത്തുവന്നു. അദ്ദേഹം ചോദിച്ചു, താങ്കളുടെ ഉമ്മത്തിൽനിന്ന് ആരെങ്കിലുമൊരാൾ താങ്കളുടെമേൽ സ്വലാത്ത് ചൊല്ലിയാൽ ഞാൻ അയാളുടെമേൽ പത്തുപ്രാവശ്യം സ്വലാത്തും സലാമും ചൊല്ലുമെന്നതിൽ താങ്കൾ സന്തോഷവാനല്ലേ?'

ഒരു മുസ്‌ലിം എന്റെമേൽ സ്വലാത്ത് ചൊല്ലുമ്പോൾ അല്ലാഹു അവന്റെമേൽ ആശംസകൾ നേരുന്നുവെന്ന് മറ്റൊരു നിവേദനത്തിലുണ്ട്. ഇതു കൂടുതലോ കുറച്ചോ ചൊല്ലുക എന്നത് മനുഷ്യനുമായി ബന്ധപ്പെട്ടതാണ്. *(ഇബ്നുമാജ, കിതാബു ഇഖാമുസ്സ്വലാത്ത്, ബാബ് സ്വലാത്തു അലന്നബിയ്യ്(സ))*

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അല്ലാഹു സ്വലാത്തിന്റെ ഫലമായി സ്വലാത്തു ചൊല്ലുന്നവന്റെ പത്ത് കുറ്റം അകറ്റിക്കൊടുക്കുന്നു. അവന്റെ പത്തു പദവി ഉയർത്തുകയും ചെയ്യുന്നു. *(നസാഇ കിതാബു അസ്സഹ്‌ഉൽഫള്‌ലി ഫിസ്സ്വലാത്തി അലന്നബിയ്യി)*

സ്വലാത്തിന്റെ ബർക്കത്തുകളിലൊന്ന് അതുമുഖേന ദുഃഖവും വിഷമവും അകലുന്നുവെന്നതാണ്. ഇത് പാപപ്പൊറുതിക്കുള്ള മാർഗമാണ്.

ഹദ്റത്ത് അബീ ബിൻ കഅ്ബ്(റ) വിവരിക്കുന്നു: 'ഞാൻ ചോദിച്ചു; യാ റസൂലല്ലാഹ്! ഞാൻ അങ്ങയുടെമേൽ അധികമധികമായി സ്വലാത്ത് ചൊല്ലുന്നു. ഞാൻ എത്ര സ്വലാത്ത് ചൊല്ലണമെന്ന് അങ്ങുതന്നെ പറഞ്ഞുതന്നാലും.' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നത്ര ചൊല്ലിക്കൊള്ളുക.' അദ്ദേഹം പറയുന്നു: 'ഞാൻ ചോദിച്ചു: 'നാലിൽ ഒന്ന്?' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നത്ര. താങ്കൾ അതിനേക്കാൾ കൂടുതൽ സ്വലാത്ത് ചൊല്ലിയാൽ അത് താങ്കൾക്ക് ഉത്തമമാണ്.' നിവേദകൻ പറയുന്നു: 'ഞാൻ ചോദിച്ചു: 'പകുതി'? അവിടന്ന് പറഞ്ഞു:'നീ ആഗ്രഹിക്കുന്നത്ര. താങ്കൾ അതിനേക്കാൾ കൂടുതൽ സ്വലാത്ത് ചൊല്ലിയാൽ അത് താങ്കൾക്ക് ഉത്തമമാണ്.' നിവേദകൻ പറയുന്നു: ഞാൻ ചോദിച്ചു: 'നാലിൽ മൂന്ന്?' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നത്ര. താങ്കൾ അതിനേക്കാൾ കൂടുതൽ സ്വലാത്ത് ചൊല്ലിയാൽ അത് താങ്കൾക്ക് ഉത്തമമാണ്.' നിവേദകൻ പറയുന്നു: ഞാൻ പറഞ്ഞു: 'ഇനിമുതൽ ഞാനെന്റെ ദുആകളെല്ലാം തുടങ്ങുന്നത് സ്വലാത്തുകൊണ്ടായിരിക്കും.' നബി(സ)തിരുമേനി പറഞ്ഞു: 'ഇപ്രകാരം താങ്കളുടെ എല്ലാ ദുഃഖവും വിഷമവും അകലുന്നതായിരിക്കും. താങ്കളുടെ പാപം പൊറുക്കപ്പെടുന്നതായിരിക്കും.' *(തുർമുദി, കിതാബു സ്വിഫ്‌ത്തുൽഖിയാമത്തി)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മുഫ്തീ മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) വിവരിക്കുന്നു: 'ഈ ഹദീഥ് വായിച്ചപ്പോൾ ഞാനും അങ്ങനെതന്നെ ചെയ്യണമെന്ന മോഹം എന്റെ മനസ്സിലും അലതല്ലി. അങ്ങനെ ഒരു ദിവസം ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ ഞാൻ പറഞ്ഞു: 'ഞാനാഗ്രഹിക്കുന്നത് എന്റെ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും പറയുന്നതിനു പകരം സ്വലാത്തിന്റെതന്നെ ദുആ ചെയ്യാമെന്നാണ്.'

ഹുദൂർ(അ) അപ്പോൾ അതിഷ്ടപ്പെട്ടതായി പ്രകടിപ്പിച്ചു. സന്നിഹിതരായവരെല്ലാം കൈയുയർത്തി ആ നേരത്ത് എനിക്കുവേണ്ടി ദുആ ചെയ്തു. അപ്പോൾ മുതൽ ഞാൻ അതനുസരിച്ച് പ്രവർത്തിക്കുന്നു; എല്ലാ ആഗ്രഹങ്ങളും സ്വലാത്തിന്റെ ദുആയിൽ ഉൾപ്പെടുത്തി അല്ലാഹുവിനോടു യാചിക്കുന്നു. *(ദിക്‌റെ ഹബീബ്, പേജ് 236)*

ഹദ്റത്ത് അനസ്(റ) രിവായത്ത് ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: 'ആരാണോ ഒരു ദിവസം ആയിരം തവണ എന്നിൽ സ്വലാത്ത് ചൊല്ലുന്നത് അവൻ ഈ ജീവിതത്തിൽത്തന്നെ സ്വർഗത്തിൽ സ്ഥാനം കാണുന്നതായിരിക്കും.'

ഈ ഹദീഥിൽനിന്ന് സ്ഥാപിതമാകുന്നത്, നബി(സ) തിരുമേനിയുടെമേൽ അധികമായി സ്വലാത്ത് ചൊല്ലുന്നയാൾ അടുത്തവഴിയിലൂടെ **തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു അല്ലാ തഖാഫു വലാ തഹ്സനൂ വ അബ്ശിറൂ ബിൽ ജന്നത്തില്ലത്തി കുൻതും തൂഅദൂൻ** എന്ന സ്ഥാനത്തെത്തുമെന്നാണ്. ഇതനുസരിച്ച് തന്റെ ജീവിതത്തിൽത്തന്നെ സ്വർഗത്തിന്റെ സുവാർത്ത എന്നല്ല സ്വയം സ്വർഗം പ്രാപിക്കുമെന്നാണ്. ഇതിനേക്കാളുപരി സ്വലാത്തിന്റെ അനുഗ്രഹങ്ങളിൽ മറ്റെന്തു ബർക്കത്താണ് വേണ്ടത്?

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ശേയ്ഖ് കറം ഇലാഹീ സാഹിബ് പട്ടിയാലവിയുടെ വിവരണമുണ്ട്. അദ്ദേഹം പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത കാലഘട്ടത്തിൽ ഒരിക്കൽ ഖാദിയാനിൽനിന്ന് തിരിച്ചുപോകാൻ തയ്യാറായി. ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നോടു പറഞ്ഞു: എനിക്കെന്തെങ്കിലും 'ജപം' പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: 'ഹദ്റത്ത് സാഹിബ് അധികവും സ്വലാത്ത് ശരീഫും ഇസ്തിഗ്ഫാറും ധാരാളമായി ചൊല്ലാനാണ് പറയാറുള്ളത്. അതിനേക്കാൾ കൂടുതൽ ഞാനെന്തു പറയാനാണ്. അതിനാൽ എത്രത്തോളം സ്വലാത്ത് ചൊല്ലാൻ കഴിയുമോ ചൊല്ലുക. നടന്നും ഇരുന്നുമൊക്കെ ഇസ്തിഗ്ഫാർ ചെയ്യുക.' അദ്ദേഹം പറയുന്നു: 'കഴിവനുസരിച്ച് ഞാൻ അങ്ങനെ ചെയ്തുവരുന്നു.'

വീണ്ടും പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)മസ്ജിദ് മുബാറക്കിൽ ഖുദ്ദാമിനോടൊപ്പം ഭക്ഷണം കഴിക്കുകയായിരുന്നു. ഞാൻ വിരിപ്പിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുത്താണ് ഇരുന്നിരുന്നത്. ഹദ്റത്ത് മൗലവി സാഹിബ് പതുക്കെ എന്നോടു ചോദിച്ചു. 'മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് എത്ര സമയം ആയിട്ടുണ്ടാകും?' ഞാൻ പറഞ്ഞു: 'ഏകദേശം ഒരു മണിക്കൂർ.' അവിടന്ന് പറഞ്ഞു: 'നാം ആരോടെങ്കിലും സ്വലാത്തു ചൊല്ലാനും ഇസ്തിഗ്ഫാർ ചെയ്യാനും പറയുമ്പോൾ മിക്ക ആളുകളും സമയമില്ലെന്നും സമയം കുറവാണെന്നും ഒഴികഴിവ് പറയാറുണ്ട്. എന്നാൽ, ഈ ഒഴികഴിവ് ശരിയല്ല. നോക്കുക! നാം ഹദ്റത്ത് സാഹിബ് പറയുന്ന കാര്യങ്ങളും ശ്രദ്ധിച്ച് കേട്ടുകൊണ്ടിരിക്കുന്നു. ഈ ഒരു മണിക്കൂറിനോടു അടുത്തനേരത്തിനുള്ളിൽ അഞ്ഞൂറ് പ്രാവശ്യം നാം സ്വലാത്ത് ചൊല്ലി..... ഈ സുവർണമായ നിയമം പാലിച്ചതിനാൽ അല്ലാഹുവിന്റെ കൃപയാൽ ഞാൻ ഒരുപാട് ഫലം നേടി. അശ്രദ്ധയും ദുഷ്കർമവും മറയായി വരുന്നില്ലെങ്കിൽ ഇപ്രകാരം മനുഷ്യന് സമയം പാഴാക്കുന്നതിൽനിന്ന് ഒരു പരിധിവരെ രക്ഷപ്പെടാൻ സാധിക്കുന്നതാണ്.വബില്ലാഹിത്തൗഫീഖ്.'

നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് പൂർണ മായ ശ്രദ്ധയോടും വിശ്വാസത്തോടും യഥാർഥ സ്നേഹത്തോടും അനുഭാവപൂർവവും ചൊല്ലേണ്ടതാണ്. അധികമായി ചൊല്ലുക എന്നതു വലിയ ശ്രേഷ്ഠമായ കാര്യമൊന്നുമല്ല. മറിച്ച്, ശ്രേഷ്ഠതയുള്ളത് നബി(സ) തിരുമേനിയുടെമേൽ ഏറ്റവും നല്ലനിലയിൽ സ്വലാത്ത് ചൊല്ലുന്നതിലാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'എന്നിൽ സ്വലാത്തുചൊല്ലുക. എന്റെമേൽ നിങ്ങളുടെ സ്വലാത്ത് ചൊല്ലൽ സ്വയം നിങ്ങളുടെ പരിശുദ്ധിക്കും അഭിവൃദ്ധിയ്ക്കുമുള്ള മാർഗമാണ്.'

ഈ ഹദീഥിന്റെ വിഷയം തികച്ചും വ്യക്തമാണ്; സ്വലാത്ത് പരിശുദ്ധി കരസ്ഥമാക്കുന്നതിനുള്ള മാർഗമാണ്. അതുമുഖേന ചിന്തകൾ പരിശുദ്ധമാകുന്നു. കർമങ്ങൾ പരിശുദ്ധമാകുന്നു. ആരെങ്കിലും പരീക്ഷിച്ചുനോക്കുന്നുവെങ്കിൽ, തീർച്ചയായും പരീക്ഷിച്ചുനോക്കുക. അധികമായി ആയിരം എണ്ണത്തിൽ സ്വലാത്ത് ചൊല്ലുകയും ഒപ്പം പലിശ വാങ്ങി ത്തിന്നുകയും, വിശ്വാസവഞ്ചന കാണിക്കുകയും, മറ്റുള്ളവരെ മാനസികമായി വിഷമിപ്പിക്കുകയും ചെയ്താൽ സ്വലാത്തിന്റെ ബർക്കത്തുകൾ നമ്മൾ സ്വയം നമ്മുടെ കൈകൊണ്ട് നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്.

സ്വലാത്ത് ചൊല്ലുമ്പോൾ ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം മനസ്സിൽ ശക്തിപിടിക്കുന്നു. രണ്ട് നബി(സ)തിരുമേനിയുമായി മനസ്സിന് ഇണക്കമുണ്ടാകുന്നു. നബി(സ)തിരുമേനി ചെയ്ത പ്രവൃത്തി മനുഷ്യൻ ചെയ്യുന്നു. അതായത് അയാൾ റസൂലിന്റെ സുന്നത്തിന്റെ പ്രേമിയും പിൻപറ്റുന്ന ആളുമായി ത്തീരുന്നു. സ്വലാത്ത് മനുഷ്യനെ ആത്മീയമായ രോഗങ്ങളിൽനിന്ന് പരിശുദ്ധനാക്കി ഉന്നതമായ കഴിവുകൾ പ്രദാനം ചെയ്യുന്നു.

**ഭേജ് ദുറൂദ് ഉസ് മുഹ്സിൻ പർ**
**തൊ ദിൻമെ സൗസൗ ബാർ**

**പാക് മുഹമ്മദ് മുസ്തഫാ**
**നബിയോം കാ സർദാർ.**

*ഔദാര്യംചെയ്ത ആ മഹാനുഭാവനുമേൽ*
*നിത്യവും നൂറുനൂറു സ്വലാത്തു ചൊല്ലുക;*

*പരിശുദ്ധനായ മുഹമ്മദുമുസ്തഫാ(സ)*
*നബിമാരുടെ നേതാവാകുന്നു.*

സ്വലാത്ത് ശരീഫിന്റെ അനുഗ്രഹങ്ങളാൽ മനുഷ്യന് ശാന്തി കൈവരുന്നു. മനുഷ്യൻ അവിടെ നില്ക്കട്ടെ, അതുമുഖേന പക്ഷിമൃഗാദികൾപോലും ഫലമെടുക്കുന്നു. **(തുടരും)**

**പേജ് 5 ൽ നിന്ന്**

മുറാറായെ ജീവനോടെ തടവിൽ വെക്കുകയും ചെയ്തു. കാരണം ബനൂ ഹനീഫയിൽ അയാൾക്ക് വലിയ ആദരവായിരുന്നു. *(അൽകാമിൽ ഫിത്താരീഖി ലി ഇബ്നി അഥീറിൽനിന്നെടുത്തത്, വാല്യം 2, പേജ് 219-220, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2006) (താരീഖു ത്വബ്‌രി, വാല്യം 2, പേജ് 278, ദാറുൽകുതുബുൽ ഇൽമിയ്യ 2012)*

അതിന്റെ കൂടുതൽ വിശദീകരണം ഇപ്രകാരമാണ്. ഹദ്റത്ത് ഖാലിദ് 'ആരിള്' എന്ന സ്ഥലത്തെ ത്തിയപ്പോൾ അദ്ദേഹം ഇരുനൂറു കുതിരപ്പടയാളികളെ മുന്നിലേക്കയച്ചു. എന്നിട്ട് പറഞ്ഞു: നിങ്ങൾ ആരെ കണ്ടാലും അവരെ പിടികൂടുക. അവർ മുജ്ജാഅ ബിൻ മുറാറ ഹൻഫിയെ അയാളുടെ ഇരുപത്തിമൂന്ന് സഹഗോത്രത്തിലെ ആളുകളോടൊപ്പം പിടികൂടി. അവർ ബനൂ നുമയ്റിലെ ഒരു വ്യക്തിയെ അന്വേഷിച്ച് പുറപ്പെട്ടതായിരുന്നു. അവർ പുറത്തിറങ്ങി. ഖാലിദ് വരുന്നുണ്ടെന്ന് അവർക്കറിയില്ലായിരുന്നു. മുസ്‌ലിമീങ്ങൾ അവരോട് ചോദിച്ചു: 'നിങ്ങൾ ആരാണ്?' അവർ പറഞ്ഞു: 'ഞങ്ങൾ ബനൂ ഹനീഫയിൽ നിന്നുള്ളവരാണ്.' മുസ്‌ലിമീങ്ങൾ കരുതിയത് അവർ ഖാലിദിന്റെ അടുത്തേക്കുള്ള മുസയ്‌ലിമയുടെ സന്ദേശവാഹകരാണെന്നായിരുന്നു. നേരംവെളുക്കുകയും ജനങ്ങൾ കണ്ടുമുട്ടുകയും ചെയ്തപ്പോൾ മുസ്‌ലിമീങ്ങൾ അവരെ ഹദ്റത്ത് ഖാലിദിന്റെ അടുക്കലെത്തിച്ചു. ഹദ്റത്ത് ഖാലിദ് അവരെ കണ്ടപ്പോൾ ധരിച്ചത് അവർ മുസയ്‌ലിമയുടെ സന്ദേശവാഹകരാണെന്ന് തന്നെയായിരുന്നു. അദ്ദേഹം അവരോട് ചോദിച്ചു: ബനൂ ഹനീഫാക്കാരേ! നിങ്ങളുടെ സുഹൃത്ത്, അതായത് മുസയ്‌ലിമയെ കുറിച്ച് നിങ്ങളെന്ത് പറയുന്നു?' 'അയാൾ അല്ലാഹുവിന്റെ റസൂലാണെന്ന് അവർ സാക്ഷ്യം വഹിച്ചു.' ഹദ്റത്ത് ഖാലിദ് മുജ്ജാഅയോട് ചോദിച്ചു: 'നിങ്ങളെന്താണ് പറയുന്നത്?' അയാൾ മറുപടിയായി പറഞ്ഞു: അല്ലാഹുവാണ! ഞാൻ ബനൂ നുമയ്റിന്റെ ഒരു വ്യക്തിയെ അന്വേഷിച്ചിറങ്ങിയതാണ്. അയാൾ ഞങ്ങളുടെ ഗോത്രത്തിലെ ഒരാളെ വധിച്ചിരുന്നു. ഞാൻ മുസയ്‌ലിമയുടെ അടുപ്പക്കാരിൽപ്പെട്ടവനല്ല.' ഏതായിരുന്നാലും ആ സമയത്ത് ഭയംകൊണ്ടോ മറ്റോ അയാൾ തന്റെ വാദത്തിൽ നിന്ന് പിന്മാറി. അയാൾ പറഞ്ഞു: ഞാൻ റസൂലുല്ലാഹ്(സ)യുടെ സവിധത്തിൽ ഹാജരായിരുന്നു. ഞാൻ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും ആ അവസ്ഥയിൽ തന്നെയാണുള്ളത്.' മറ്റു ആളുകളും കൊണ്ടുവരപ്പെട്ടു. ഹദ്റത്ത് ഖാലിദ് അവർ എല്ലാവരെയും കൊല്ലിച്ചു. പക്ഷേ, സാരിയാ ബിൻ മുസയ്‌ലിമ ബിൻ ആമിർ ബാക്കിയായി. അയാൾ പറഞ്ഞു: 'ഖാലിദേ! നിങ്ങൾ യമാമയെ സംബന്ധിച്ച് എന്തെങ്കിലും നന്മയോ തിന്മയോ ആഗ്രഹിക്കുന്നെങ്കിൽ മുജ്ജാഅയെ ജീവനോടെ നിറുത്തുക. കാരണം ഇയാൾ യുദ്ധത്തിലും സമാധാന ദിവസങ്ങളിലും നിങ്ങളുടെ സഹായിയാകുന്നതാണ്.' മുജ്ജാഅ ഒരു നേതാവായിരുന്നു. അദ്ദേഹം അയാളെ വധിച്ചില്ല. അദ്ദേഹത്തിന് സാരിയ പറഞ്ഞത് ഇഷ്ടമായി. അദ്ദേഹം സാരിയയേയും വധിച്ചില്ല. അവർ രണ്ടുപേരെയും സംബന്ധിച്ച് ഇങ്ങനെ കൽപിച്ചു: 'അവരെ ചങ്ങലയിൽ ബന്ധിക്കുക.' അദ്ദേഹം മുജ്ജാഅയെ വിളിക്കുമ്പോൾ അയാൾ ചങ്ങലയിൽ ബന്ധിതനായിരുന്നു. അയാളുമായി സംസാരിച്ചിരുന്നു. മുജ്ജാഅ കരുതിയത് ഹദ്റത്ത് ഖാലിദ് തന്നെ വധിക്കുമെന്നാണ്. ഇതിന്നിടയിൽ, അതായത് അവർ രണ്ടുപേരും സംസാരിക്കുന്നതിനിടയിൽ മുജ്ജാഅ പറഞ്ഞു: 'അല്ലയോ ഇബ്നു മുഗയ്റാ! ഇത് ഖാലിദ് ബിൻ വലീദിന്റെ വിളിപ്പേരായിരുന്നു, ഞാൻ മുസ്‌ലിമാകുന്നു. അല്ലാഹുവാണ! ഞാൻ കുഫ്ർ ചെയ്തിട്ടില്ല. ഞാൻ നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായിട്ടുണ്ട്. നബി(സ)തിരുമേനിയുടെ അടുക്കൽനിന്ന് മുസ്‌ലിമായിട്ടാണ് പുറത്തിറങ്ങിയത്. ഞാനിപ്പോൾ യുദ്ധത്തിനല്ല വന്നത്.' തുടർന്ന് നുമയ്റയെ അന്വേഷിക്കുന്ന കാര്യം അയാൾ പറഞ്ഞു. ഹദ്റത്ത് ഖാലിദ്(റ) പറഞ്ഞു: 'വധത്തിനും വിട്ടയക്കുന്നതിനുമിടയിൽ ചെറിയ ദൂരമേ ഉള്ളൂ.' അതായത്, തടവറ. അങ്ങനെ അല്ലാഹു നമ്മുടെ യുദ്ധത്തിൽ തീരുമാനമുണ്ടാക്കട്ടെ. അവനാണ് അതിൽ തീരുമാനം ഉണ്ടാക്കുന്നവൻ. അദ്ദേഹം അയാളെ തന്റെ ഭാര്യയുടെ ചുമതലയിൽ വിട്ടുകൊടുത്തു. അവരെ അദ്ദേഹം മാലിക് ബിൻ നുവയ്റയുടെ വധത്തിനുശേഷം വിവാഹം കഴിച്ചതായിരുന്നു. അദ്ദേഹം അവരോട് പറഞ്ഞു: 'തടവറയിൽ ഇയാളെ നല്ലപോലെ ശ്രദ്ധിക്കുക.' മുജ്ജാഅ കരുതിയത് ഖാലിദ് അയാളെ ബന്ധനസ്ഥനാക്കാൻ ആഗ്രഹിച്ചത് അയാൾ ശത്രുക്കളെ കുറിച്ച് പറഞ്ഞുകൊടുക്കുമെന്ന് കരുതിയിട്ടാണെന്നാണ്. അയാൾ പറഞ്ഞു: 'താങ്കൾക്കറിയുമോ ഞാൻ നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായിട്ടുണ്ട്. നബി(സ) തിരുമേനിയുടെ ഇസ്‌ലാമിൽ ബയ്അത്ത് ചെയ്തിരിക്കുന്നു. കൂടെക്കൂടെ ഇക്കാര്യം തന്നെ ആവർത്തിച്ച് കൊണ്ടിരുന്നു. പിന്നെ ഞാനെന്റെ ജനതയിലേക്ക് തിരിച്ചു. ഇന്നും ഞാൻ അതെ അവസ്ഥയിൽ തന്നെയാണുള്ളത്. എന്നാൽ, പിന്നീടുള്ള സംഭവങ്ങളിൽനിന്ന് മനസ്സിലാകുന്നത് ഇക്കാര്യങ്ങളെല്ലാം അയാൾ തെറ്റായി വിവരിക്കുകയായിരുന്നു എന്നാണ്. അയാൾ പറഞ്ഞു: ഇന്നലത്തെ അതെ അവസ്ഥയിൽ തന്നെയാണ് ഇന്നും ഞാനുള്ളത്. *(അൽഇക്തിഫാഅ്, ഭാഗം 2, പേജ് 119-120, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് ഹിജ്റ 1420)*

മുജ്ജാഅയുടെ സംഘത്തിൽനിന്ന് വിരമിച്ചശേഷം ഹദ്റത്ത് ഖാലിദ് യമാമയിലേക്ക് തിരിച്ചു. അദ്ദേഹം വരുന്നു എന്നറിഞ്ഞപ്പോൾ മുസയ്‌ലിമ തന്റെ ഗോത്രമായ ബനൂ ഹനീഫയോടൊപ്പം പോരിന് പുറപ്പെട്ടു. അഖ്റബായിൽ താവളമടിച്ചു. ഈ സ്ഥലവും യമാമയുടെ അതിർത്തിയിൽ യമാമയിലെ കൃഷിയും പച്ചപ്പുള്ളതുമായ സ്ഥലത്തിന് മുന്നിൽ സ്ഥിതി ചെയ്യുന്നു. ഖാലിദ് കൃത്യമായ ആസൂത്രണങ്ങൾ ആരംഭിച്ചു. അദ്ദേഹം ശത്രുവിനെയും നിസ്സാരന്മാരായി കരുതിയില്ല. യുദ്ധമൈതാനത്ത് എപ്പോഴും നല്ലപോലെ തയ്യാറെടുപ്പും നല്ല മുൻകരുതലും എടുത്തിരുന്നു. ശത്രു പൊടുന്നനെ ആക്രമിക്കാതിരിക്കാൻ വേണ്ടി ഒരു ഉപായവും ഒഴിവാക്കിയിരുന്നില്ല. അദ്ദേഹത്തിന്റെ സവിശേഷതയായി പറയുന്നു. അദ്ദേഹം ഉറങ്ങാതെ മറ്റുള്ളവരെ ഉറക്കുമായിരുന്നു. പൂർണ തയ്യാറെടുപ്പുകളോടെ രാത്രി കഴിച്ച് കൂട്ടിയിരുന്നു. ശത്രുവിന്റെ ഒരു കാര്യവും അദ്ദേഹത്തിൽനിന്ന് ഗോപ്യമായിരുന്നില്ല. സൈന്യത്തെ തയ്യാറാക്കുന്നതിന്റെ സമയം അടുത്ത് കൊണ്ടിരിക്കുകയായിരുന്നു. ഈ യുദ്ധത്തിൽ പതാക വാഹകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹഫ്സ് ബിൻ ഗാനിം ആയിരുന്നു. പിന്നീടിത് ഹദ്റത്ത് സാലിം മൗലാക്കും അബൂഹുദയ്ഫക്കും കൈമാറ്റം

ചെയ്തു. ഹദ്റത്ത് ഖാലിദ് ഈ യുദ്ധത്തിൽ ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസനയെ മുന്നോട്ടയച്ചു. ഇസ്‌ലാമിക സൈന്യത്തെ അഞ്ചു ഭാഗങ്ങളായി ക്രമീകരിച്ചു. മുന്നിൽ ഹദ്റത്ത് ഖാലിദ് മഖ്സൂമി, വലത് ഭാഗത്ത് ഹദ്റത്ത് അബൂഹുദയ്ഫ, ഇടതുഭാഗത്ത് ഹദ്റത്ത് ശുജ്ജാഅയും ഹൃദയ ഭാഗത്ത് ഹദ്റത്ത് സഅ്ദ് ബിൻ ഖത്വാബുമായിരുന്നു. കുതിരപ്പടയാളികൾക്കു മേൽ ഉസാമ ബിൻ സയ്ദിനെ നിശ്ചയിച്ചു. ഒട്ടകങ്ങളെ പിന്നിലാണ് നിറുത്തിയത്. അവക്കുമേൽ കൂടാരങ്ങൾ കെട്ടിയിരുന്നു. സ്ത്രീകൾ അതിലുണ്ടായിരുന്നു. ഇത് യുദ്ധത്തിന് തൊട്ടുമുമ്പേയുള്ള അവസാന ക്രമീകരണമായിരുന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി, പേജ് 357-358),*

മറുഭാഗത്ത് മുസയ്‌ലിമയുടെ സൈന്യവും തയ്യാറായി നിന്നിരുന്നു. മുസയ്‌ലിമയുടെ മകൻ ശുറഹ്ബീൽ തന്റെ ഗോത്രത്തോട് പറഞ്ഞു: 'അല്ലയോ ബനൂ ഹനീഫാ! ആത്മാഭിമാനം പ്രകടിപ്പിക്കേണ്ട ദിനമാണിന്ന്. ഇന്ന് നിങ്ങൾ പരാജയപ്പെടുകയാണെങ്കിൽ നിങ്ങളുടെ സ്ത്രീകൾ അടിമകളാക്കപ്പെടുകയും നിക്കാഹ് കൂടാതെതന്നെ അവരെ ഉപയോഗപ്പെടുത്തുന്നതും ചെയ്യുന്നതാണ്. ആയതിനാൽ ഇന്ന് നിങ്ങൾ നിങ്ങളുടെ അന്തസ്സും ആഭിജാത്യവും സംരക്ഷിക്കുന്നതിനുവേണ്ടി നല്ലപോലെ ധൈര്യം പ്രകടിപ്പിക്കുക. തങ്ങളുടെ സ്ത്രീകളെ സംരക്ഷിക്കുക.' *(താരീഖ് അത്ത്വബരി ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ അത്ത്വബരി, വാള്യം 2, പേജ് 278, ദാറുൽകുതുബുൽ ഇൽമിയ്യ 2012)*

ഏതായാലും അതിനുശേഷം ഘോര യുദ്ധം നടന്നു. ആ യുദ്ധം എത്രത്തോളം കഠോരമായിരുന്നു വെന്നാൽ മുസ്‌ലിമീങ്ങൾക്ക് അതുപോലുള്ള യുദ്ധത്തെ ഒരിക്കലും അഭിമുഖീകരിക്കേണ്ടി വന്നിരുന്നില്ല, മുസ്‌ലിമീങ്ങൾ പരാജയപ്പെട്ടു. ഇവിടെയും പരാജയമുണ്ടായി. ബനൂ ഹനീഫയുടെ ആളുകൾ മുജ്ജാഅയെ മോചിപ്പിക്കാൻ മുന്നോട്ടു വന്നു. ഹദ്റത്ത് ഖാലിദിന്റെ താവളത്തെ ലക്ഷ്യമാക്കി. ഹദ്റത്ത് ഖാലിദ് കൂടാരം വിട്ടു പോയിട്ടുണ്ടായിരുന്നു. അതുകൊണ്ട് അവർ ഹദ്റത്ത് ഖാലിദിന്റെ ഭാര്യയുടെ മേൽനോട്ടത്തിലുണ്ടായിരുന്ന മുജ്ജാഅയുടെ അടുത്തെത്തി. മുർത്തദ്ദീങ്ങൾ അദ്ദേഹത്തിന്റെ ഭാര്യയെ വധിക്കാൻ ആഗ്രഹിച്ചു. എന്നാൽ, മുജ്ജാഅ അവരെ തടഞ്ഞുകൊണ്ട് പറഞ്ഞു: ഞാൻ അവർക്ക് സംരക്ഷണം നൽകുന്നു.' അതുകൊണ്ട് അവരെ വെറുതെ വിട്ടു. മുജ്ജാഅ പറഞ്ഞു: 'നിങ്ങൾ പുരുഷന്മാരെ ആക്രമിക്കൂ.' ഒരു ഭാഗത്ത് അയാൾ വാദിച്ചത് താൻ മുസ്‌ലിമാണെന്നാണ്. ഇപ്പോൾ എതിരാളികളോട് പറയുന്നു, നിങ്ങൾ പുരുഷന്മാരെ അക്രമിക്കൂ എന്ന്. അവർ കൂടാരങ്ങൾ തകർത്തു. *(അൽകാമിൽ ഫി ത്താരീഖ് ലി ഇബ്നി അഥീർ, വാള്യം 2, പേജ് 221, ദാറുൽകുതുബുൽഇൽമിയ്യ 2003)*

ഇസ്‌ലാമിക സൈന്യം പിന്നോട്ടടിച്ചെങ്കിലും ഹദ്റത്ത് ഖാലിദ്ബിൻ വലീദിന്റെ നിശ്ചയദാർഢ്യത്തിലും ധൈര്യത്തിലും സ്ഥൈര്യത്തിലും അല്പംപോലും ഇളക്കമുണ്ടായില്ല. അദ്ദേഹം ഒരു നിമിഷത്തേക്കുപോലും തന്റെ പരാജയത്തെ കുറിച്ച് ചിന്തിച്ചില്ല. ഹദ്റത്ത് ഖാലിദ് തന്റെ സൈന്യത്തോട് ഇങ്ങനെ വിളിച്ചു പറഞ്ഞു: 'മുസ്‌ലിമീങ്ങളേ! വെവ്വേറെയാകുവിൻ. അതായത് ഓരോ ഗോത്രവും വെവ്വേറെ നിന്നുകൊണ്ട് യുദ്ധം ചെയ്യുക. ഈ അവസ്ഥയിൽ നിങ്ങൾ ശത്രുക്കളുമായി യുദ്ധം ചെയ്യുക. അങ്ങനെ ഏതു ഗോത്രമാണ് യുദ്ധത്തിൽ ഏറ്റവുമധികം ധൈര്യം പ്രകടിപ്പിക്കുന്നതെന്ന് കാണട്ടെ.' ഈ വിളംബരത്തിന്റെ അർത്ഥം എല്ലാ മുസ്‌ലിമീങ്ങളും താന്താങ്ങളുടെ ഗോത്രത്തിന്റെ പതാകയ്ക്കു കീഴിൽ യുദ്ധം ചെയ്യണമെന്നായിരുന്നു. അതുമുഖേന അദ്ദേഹം എല്ലാ ഗോത്രങ്ങൾക്കിടയിലും ഒരു പുതിയ ആത്മാവാണ് ഊതിയത്. അതിൽ തങ്ങളുടെ വ്യക്തിത്വവും ധൈര്യവും തെളിയിക്കുന്നതിന് ഒരു ആവേശത്തിന്റെ മത്സരമാണ് ഉണ്ടാക്കിയത്. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദ് ഹുസയ്ൻ ഹൈക്കിൽ(മുത്തർജിം, പേജ് 195-196)*

മുസ്‌ലിമീങ്ങൾ പരസ്പരം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അതിന്റെ കൂടുതൽ വിശദീകരണം ഇങ്ങനെ കാണപ്പെടുന്നു: 'ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ്(റ) പറഞ്ഞു: 'മുസ്‌ലിമീങ്ങളുടെ സംഘമേ! നിങ്ങൾ നിങ്ങളെത്തന്നെ ശീലമാക്കിയിട്ടുള്ള കാര്യം എത്രമാത്രം മോശമാണ്. നിങ്ങൾ സരളീകരണം ശീലമാക്കിയിട്ടുണ്ടെങ്കിൽ അതു വളരെ മോശമായ കാര്യമാണ്. സ്വഹാബാക്കൾ പരസ്പരം യുദ്ധത്തിന് പ്രേരിപ്പിച്ചുകൊണ്ട് ഇങ്ങനെ വിളിച്ച് പറഞ്ഞു: 'അല്ലയോ സൂറ ബഖറയുടെ ആളുകളേ! ഇന്ന് ജാലവിദ്യ തകർന്നുപോയിരിക്കുന്നു. ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ് തന്റെ തണ്ടംകാൽ പകുതിവരെ കുഴിയെടുക്കുകയും തന്നെ അതിൽ കുഴിച്ചിടുകയും ചെയ്തു. അദ്ദേഹം അൻസ്വാറിന്റെ പതാക പിടിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം സുഗന്ധലേപനം പൂശിയിരുന്നു. ഇത് അറബികളുടെ ഒരു ശീലമാണ്. ചിലയാളുകൾ തങ്ങളെ വലിയ യോദ്ധാവാണെന്ന് കാണിക്കാൻവേണ്ടി ഇങ്ങനെ ചെയ്യാറുണ്ടായിരുന്നു. അതായത് മരിച്ചശേഷം ആളുകൾ എന്നോടു ചെയ്യാനുദ്ദേശിക്കുന്നത് ഞാൻ ഇപ്പോൾ തന്നെ ചെയ്തിരിക്കുന്നു എന്ന് കാണിക്കാൻ. പകുതി ഭൂമിയിൽ കുഴിച്ചിട്ടുമൂടി താൻ മരിക്കാൻ തയ്യാറാണെന്ന് പ്രകടിപ്പിക്കുകയായിരുന്നു അത്. 'ഹുനൂത്'ഏതാനും സുഗന്ധലേപനങ്ങളുടെ ഒരു കൂട്ടാകുന്നു. മരിച്ചവരെ കുളിപ്പിച്ചതിനുശേഷം അതിന്മേൽ ഇതു പുരട്ടുന്നു. ഈ മരുന്നുകൾ മൃതദേഹത്തിൽ തേച്ചാൽ കാലങ്ങളോളം കേടുകൂടാതെ ഇരിക്കും. ഏതായിരുന്നാലും നിവേദനത്തിൽ പറയുന്നു: അദ്ദേഹം കഫൻ കെട്ടുകയും ശത്രുക്കൾക്കെതിരിൽ ഉറച്ച് നിൽക്കുകയും ചെയ്തു. അങ്ങനെ ശഹാദത്തിന്റെ പീയൂഷം നുകർന്നു. *(അൽബിദായ വന്നിഹായ, വാള്യം 3, ഭാഗം 6, പേജ് 320, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2001)(ഫിറോസുല്ലുഗാത്ത് ഉർദു, പേജ് 609 ഹുനൂത് എന്ന പദം)*

ഇതിന്റെ വിശദീകരണം ഇനിയുമുണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്.

ആദ്യത്തേത് ഒരു ശഹീദിനെ സംബന്ധിച്ചാണ്. അദ്ദേഹം കഴിഞ്ഞ ദിവസം ശഹീദാക്കപ്പെട്ടു. എൽപ്ലാട്ട് ഉക്കാട ജമാഅത്തിന്റെ സ്വദർ മാസ്റ്റർ മുനവ്വർ അഹ്മദ് സാഹിബിന്റെ മകൻ അബ്ദുസ്സലാം സാഹിബിനെ മെയ് 17-ാം തിയതി ശഹീദാക്കി. 35 വയസ്സായിരുന്നു. ഒരു അഹ്മദിയ്യ വിരോധി കഠാര കൊണ്ട് ആക്രമിച്ച് ശഹീദാക്കുകയായിരുന്നു. *ഇന്ന ലില്ലാഹി വ ഇന്നാ ഇലയ്ഹ് റാജിഊൻ.* വിവരങ്ങൾ പ്രകാരം അബ്ദുസ്സലാം സാഹിബ് തന്റെ കുഞ്ഞു മക്കളായ ആറു വയസ്സുള്ള ഖമറുസ്സലാമിനോടും നാലര വയസ്സുള്ള ബദ്റുസ്സലാമിനോടുമൊപ്പം എന്തോ ആവശ്യത്തിന് വീട്ടിൽനിന്നിറങ്ങി. അതല്ല വെള്ളത്തിന്റേയോ മറ്റോ കണക്ഷൻ ശരിയാക്കാനെന്നുപറഞ്ഞ് അദ്ദേഹം വിളിക്കപ്പെട്ടതായിരുന്നു. ഒരു പ്ലാനിങ്ങോടുകൂടി വീട്ടിൽ നിന്ന് പുറത്തേക്ക് വിളിക്കപ്പെടുകയും ശത്രു പിന്നിലൂടെ ആക്രമിക്കുകയുമാണുണ്ടായത്. ഏതായാലും ഇദ്ദേഹം വീട്ടിൽ നിന്നു പുറത്തേക്ക് വന്നപ്പോൾ മുലാസിം ഹുസയ്ൻ എന്നറിയപ്പെടുന്ന ഹാഫിള് അലി രിളാ എന്ന അഹ്മദിയ്യാ വിരോധി അദ്ദേഹത്തെ പിന്തുടരുകയും കഠാര കൊണ്ട് ആക്രമിക്കുകയും ചെയ്തു. ആക്രമണത്തിന്റെ ഫലമായി അബ്ദുസ്സലാം സാഹിബ് ഗുരുതരമായ പരിക്കുകൾ കാരണം തന്റെ നിഷ്കളങ്കരായ പിഞ്ചു പൈതങ്ങളുടെ മുന്നിൽ അപ്പോൾ തന്നെ ശഹീദായി. അദ്ദേഹത്തെ പിന്നിൽ നിന്നാണ് ആക്രമിച്ചത്. അദ്ദേഹത്തിന്റെ വൃക്കകൾ മുറിഞ്ഞിരുന്നു. വൻകുടലിലും ഹൃദയത്തിലും കുത്തേറ്റിരുന്നു. വൈകുന്നേരമായിരുന്നു. ഏതായിരുന്നാലും കുട്ടികളുടെ മുന്നിൽ തത്സമയം അദ്ദേഹം ശഹീദാകുകയാണുണ്ടായത്. കുറ്റവാളി അപ്പോൾത്തന്നെ ഓടിപ്പോയി. ഇവർ സ്വർഗ്ഗമന്വേഷിച്ചാണ് അഹ്മദികളെ ശഹീദാക്കുന്നത്. അയാൾ തദ്ദേശ മദ്രസയായ ഉക്കാട ജില്ലയിലെ എൽപ്ലോട്ടിലെ ജാമിയ അമീനിയ്യ ഫരീദിയ്യായിലെ വിദ്യാർഥിയാണ്. സംഭവത്തിന് രണ്ടു ദിവസം മുമ്പേയാണ് മദ്രസയിലെ ഹിഫ്ള് ക്ലാസ്സ് പൂർത്തിയാക്കിയത്. മദ്റസയുടെ സമാപന പരിപാടിയിൽ അതിന്റെ സംഘാടകനായ മൗലവി തന്റെ പ്രസംഗത്തിൽ വിദ്യാർഥികളോട് പറഞ്ഞു: അഹ്മദിയ്യ ജമാഅത്തിന്നെതിരിൽ നിങ്ങൾ പ്രവർത്തിക്കേണ്ടതാണ്. നല്ലപോലെ അവരെ ഇളക്കിവിട്ടു. ഭീകരനീക്കങ്ങൾ നടത്താൻ ആഹ്വനം ചെയ്തു. ഏതായിരുന്നാലും ഇവർ ജനങ്ങൾക്ക് സ്വർഗ്ഗം കൊടുക്കുന്നതിനുവേണ്ടി സ്വയം നരകത്തിന്റെ വഴികൾ തിരയുകയാണ്. ജനങ്ങളെയും നരകത്തിന്റെ ആളുകളാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് എത്തിയത് ശഹീദിന്റെ പ്രപിതാമഹനായ ഹദ്റത്ത് നബി ബഖ്ഷ് സാഹിബ് മുഖേനയാണ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഹോശിയാർപൂർ ജില്ലയി

ലെ 'ഫമ്പിയ' നിവാസികളായിരുന്നു. ശഹീദിന്റെ പിതാമഹൻ മുഹമ്മദ് സിദ്ദീഖ് സാഹിബ് ജന്മനാ അഹ്മദിയാണ്. ഇവർ പാക്കിസ്താന്റെ സ്ഥാപനത്തിന് ശേഷം ഉക്കാടയിലേക്ക് വന്നതാണ്. ശഹീദ് മർഹൂം സെക്കൻഡറി സ്കൂളിൽ മെട്രിക് വരെയാണ് പഠിച്ചത്. പിന്നെ കൃഷി ചെയ്യാൻ തുടങ്ങി. വഖ്ഫെ നൗന്റെ അനുഗൃഹീത പദ്ധതിയിൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് പറയുന്നു: 'ഞാൻ അവനോട് നീ വഖ്ഫ് നൗ ആണെന്നും നിന്റെ സഹോദരങ്ങൾ മുറബ്ബിമാരാണെന്നും നീയും അങ്ങനെ ആകണമെന്നും പറയുമ്പോൾ മറുപടി പറയുമായിരുന്നു. ഞാൻ അവരെ സേവിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു ഞാൻ ചെയ്യുന്ന ഈ സേവനം സ്വീകരിക്കുന്നതാണ്. ഞാൻ കുടുംബത്തിന് വേണ്ടിയും വീടിനു വേണ്ടിയും പണിയെടുക്കുന്നു. കാരണം കുടുംബത്തെ അദ്ദേഹമാണ് ശ്രദ്ധിച്ചിരുന്നത്. കൃഷിപ്പണിയും തന്റെ ജോലിയും മുഖേന സാമ്പത്തികമായി എല്ലാവരെയും സഹായിച്ചിരുന്നു. ഇപ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യ ഖാഇദ് എന്ന നിലയിൽ സേവനത്തിന് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വസിയ്യത്ത് പദ്ധതിയിലും അംഗമായിരുന്നു. എല്ലാവരോടും വളരെ സ്നേഹത്തോടെ ഇടപഴകിയിരുന്നു. ആരെ കണ്ടുമുട്ടിയാലും സ്വന്തം ആളാക്കുമായിരുന്നു. അദ്ദേഹത്തെ അറിയുന്ന അനഹ്മദികളും പറയുന്നു, വലിയ പാതകമാണ് ചെയ്തതെന്ന്! എന്നാൽ, ഭീകരവാദികളായ മുല്ലക്കമാരുടെ മുന്നിൽ ഇതു പറയാൻ ആർക്കും ധൈര്യമില്ല. പാകിസ്താനിൽ അവരുടെ നന്മകൾ തികച്ചും നിശബ്ദമായിരിക്കുന്നു. ഏതായിരുന്നാലും മർഹൂമിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സഹോദരങ്ങളും കുടുംബക്കാരും പറയുന്നു: ഖിലാഫത്തുമായി അകൈതവമായ അനുരക്തി ആയിരുന്നു. ഒരു ഭാവഭേദവും കൂടാതെ അഹ്മദികളും അനഹ്മദികളുമായ ആവശ്യക്കാരെ രഹസ്യമായി സഹായിച്ചിരുന്നു. അതിഥി സൽകാരം അദ്ദേഹത്തിന്റെ പ്രകടമായ ഗുണമായിരുന്നു. പ്രത്യേകിച്ചും കേന്ദ്രത്തിൽനിന്നുള്ള അതിഥികളെ സേവിക്കാൻ മുൻപന്തിയിലു ണ്ടാകുമയിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിലെ എല്ലാ ബന്ധുക്കളും എഴുതുന്നത്, അദ്ദേഹം വലിയ ധൈര്യശാലിയായിരുന്നുവെന്നും വലിയ ധീരനായ യുവാവായിട്ടാണ് അറിയപ്പെട്ടിരുന്നതെന്നുമാണ്. നേരത്തെയും ഈ ദുകളുടെ അവസരത്തിൽ ശത്രുക്കൾ അദ്ദേഹത്തെ ഭീകരതക്ക് കുറിമാനമാക്കിയിട്ടുണ്ട്. അപ്പോൾ അല്ലാഹു അദ്ദേഹത്തെ സംരക്ഷിക്കുകയായിരുന്നു. എന്നാൽ, ഇപ്പോൾ ഇതായിരുന്നു വിധി.

ശഹീദിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഉക്കാട ജില്ലയിലെ ഏൽപ്ലോട് ജമാഅത്തിലെ സ്വദ്ർ, പിതാവ് മാസ്റ്റർ മുനവ്വർ അഹ്മദ് സാഹിബിനെയും മാതാവ് ശംശാദ് ഖമർ സാഹിബയെയും കൂടാതെ ഭാര്യ ഫർസാന ഇറമും മൂന്നു പിഞ്ചു മക്കളുമുണ്ട്. ഖമർ ഇസ്‌ലാം ആറു വയസ്സ്, ബദർ ഇസ്‌ലാം നാലര വയസ്സ്, മകൾ സഹ്റ ഒന്നര വയസ്സ്. ശഹീദിന് നാല് സഹോദരന്മാരുണ്ട്. അതിൽ zuhoor ഇലാഹി തൗഖീർ സാഹിബ് റിസർച്ച് സെല്ലിൽ മുറബ്ബിയാണ്. ഹാഫിള് അൻവർ സാഹിബ് പാകിസ്താനിലെ മുറബ്ബിയാണ്. അതുകൂടാതെ രണ്ടു സഹോദരങ്ങളുണ്ട്. ഒരാൾ ലണ്ടനിലും ഒരാൾ റബ്വയിലുമാണ്. മൂന്നു സഹോദരിമാരുണ്ട്. ഒരു സഹോദരി യൂ.കെ യിൽ മാഞ്ചസ്റ്ററിലെ zeeshan ഖാലിദ് സാഹിബിന്റെ ഭാര്യയാണ്. മറ്റൊരാൾ കുവൈത്തിലാണ്. മൂന്നാമത്തെയാളും ലണ്ടനിൽ തന്നെയാണ്. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. അല്ലാഹു ശഹീദിന്റെ പിഞ്ചു മക്കൾക്കും ഭാര്യക്കും മാതാപിതാക്കൾക്കും എല്ലാ സന്തപ്ത ബന്ധുക്കൾക്കും സഹായിയും സംരക്ഷകനുമാകട്ടെ. പിഞ്ചുമക്കളുടെ മുന്നിൽ വെച്ചാണ് പിതാവിനെ ശഹീദാക്കിയത്. അവരുടെ ഹൃദയത്തിന്റെ അവസ്ഥയും വികാരങ്ങളും എത്തരത്തിലുള്ളതായിരിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. മൂത്ത മകന് ആറുവയസ്സുണ്ട്. കുറച്ച് ബോധമുള്ള കുട്ടിയാണ്. അവനിപ്പോൾ തികച്ചും അസ്വസ്ഥതയിലാണ്. അല്ലാഹു തന്നെ അവർക്ക് സഹനവും സമാധാനവും നൽകുമാറാകട്ടെ. അല്ലാഹു സ്വയം ആ കുട്ടികളെ സംരക്ഷിക്കുകയും ശത്രുക്കളെ അവരുടെ കർമഫലത്തിലേക്ക് എത്തിക്കുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം ഫൈസലാബാദിലെ ശെയ്ഖ് സഈദുല്ലാഹ് സാഹിബിന്റെ മകൻ സുൽഫിഖാർ അഹ്മദിനെ കുറിച്ചാണ്. കഴിഞ്ഞ ദിവസം മുപ്പത്തിആറാമത്തെ വയസ്സിൽ ഹൃദയാഘാതത്തെ തുടർന്ന് ആസർബൈജാനിലാണ് അദ്ദേഹം വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് റഹ്മത്തുല്ലാഹ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് ശെയ്ഖ് ജണ്ട സാഹിബിന്റെ മകനാണ്. ഹദ്റത്ത് ശെയ്ഖ് റഹ്മത്തുല്ലാഹ് സാഹിബിന് ഖാദിയാൻ മസ്ജിദ് മുബാറക്കിന്റെ അടുത്ത് പലചരക്ക് കടയായിരുന്നു. ബയ്അത്തിനുശേഷം ഖാദിയാന് അടുത്തു തന്നെയുള്ള ഗ്രാമമായ തോക്കൽവാലയിൽനിന്ന് ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ വന്നതായിരുന്നു. ഒരിക്കൽ ആരോ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് ഖലീഫ അവ്വലിനോട് പരാതിയെന്നോണം മസ്ജിദിനടുത്ത് പീടിക ശരിയല്ലെന്ന് പറഞ്ഞു. ഹദ്റത്ത് മൗലവി സാഹിബ് മസീഹ് മൗഊദിനോട് അതിനെ കുറിച്ച് പറഞ്ഞപ്പോൾ ഇവർ അസ്ഹാബു സ്സുഫ്ഫയാണെന്ന് പറയുകയുണ്ടായി.*(അസ്ഹാബെ അഹ്മദ് വാള്യം 10, പേജ് 187-189)*

ഈ അസ്ഹാബു സ്സുഫ്ഫക്ക് അല്ലാഹു പിന്നീട് എല്ലാ നിലക്കും ഒരുപാട് സമൃദ്ധി നൽകി. അവരുടെ കുടുംബങ്ങളെയും വർധിപ്പിച്ചു. മർഹൂം 2005-ൽ മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽനിന്ന് textile ഫീൽഡിൽ ബി.എസ്.സി. ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കി. അതിനുശേഷം കുടുംബപരമായ കച്ചവടം ഏറ്റെടുക്കുന്നതിൽ വ്യാപൃതനായി. ഭൗതികമായി ഒരുപാട് പുരോഗതി പ്രാപിച്ചിരുന്നുവെങ്കിലും വിനയത്തിലും താഴ്മയിലും മാതൃകയായിരുന്നു. എല്ലാ വിഭാഗമാളുകളുമായും ബന്ധപ്പെട്ടിരുന്നു. എല്ലാവരോടും ആദരവോടും ബഹുമാനത്തോടു കൂടിയാണ് പെരുമാറിയത്. സുഹൃത്തുക്കളെയും സഹോദരങ്ങളെയും പോലെയാണ് എല്ലാവരോടും പെരുമാറിയിരുന്നത്. ജോലിക്കാരെയും നല്ലതുപോലെ നോക്കിയിരുന്നു. അവരോട് നല്ല സഹാനുഭൂതി കാണിച്ചിരുന്നു. ദാനധർമങ്ങളിൽ മുൻപന്തിയിലായിരുന്നു. കൂടാതെ ആശുപത്രിയിലും മറ്റുമുള്ള നന്മയുടെ പരിപാടികളിലും ഭാഗഭാക്കായിരുന്നു. ജമാഅത്തി ചന്ദകളിലും എല്ലാ ഫണ്ടുകളിലും പങ്കെടുത്തിരുന്നു. മാത്രമല്ല മാൽ സെക്രട്ടറിയോടു ഓർമപ്പെടുത്തി തന്റെ ചന്ദ വാങ്ങാനും എല്ലാ ഫണ്ടിനെ സംബന്ധിച്ചും പറയാനും അവയിൽ ഉൾപ്പെടുത്താനും ആവശ്യപ്പെട്ടിരുന്നു. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രൊജെക്ടുകളിലും അദ്ദേഹം നല്ലപോലെ പങ്കാളിയായി. ജനങ്ങൾക്ക് വീടുവെച്ച് കൊടുക്കുകയും ദരിദ്രരുടെ വിവാഹങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തിരുന്നു. ആരെയെങ്കിലും കണ്ടുമുട്ടുമ്പോൾ അവരിൽനിന്ന് നല്ല കാര്യങ്ങൾ പഠിക്കാൻ ശ്രമിച്ചിരുന്നു. അത് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാനും ശ്രമിച്ചിരുന്നു. റമളാനിൽ പ്രത്യേകമായും ഒരുപാട് സൃഷ്ടി സേവനം ചെയ്തിട്ടുണ്ട്. പരേതനും അദ്ദേഹത്തിന്റെ മാതാപിതാക്കളുംകൂടി ബലീസിൽ ഒരു മസ്ജിദും നിർമിച്ചിരുന്നു. ഇത് വലിയൊരു പ്രൊജക്റ്റായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


• കലാമുൽ ഇമാം •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

വളരെ ഭംഗിയുള്ള മസ്ജിദ് നിർമിച്ചു. അദ്ദേഹത്തിന്റെ നമസ്കാരത്തെ കുറിച്ചും എഴുതുന്നു. പണി നിറുത്തി സമയം കണ്ടെത്തുമായിരുന്നു. വിശുദ്ധ ഖുർആൻ പാരായണവും തന്റെ ജീവിതത്തിൽ കൃത്യമായി പാലിച്ചിരുന്നു. മസ്ജിദിൽ പോകുന്നതിൽ വിലക്കുണ്ടായിരുന്നപ്പോൾ വീട്ടിൽ ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപ്പാട് ചെയ്തിരുന്നു. മലേഷ്യയിൽ കുറച്ചു ദിവസം വിനോദ സഞ്ചാരത്തിന് പോയപ്പോൾ അവിടെ മസ്ജിദിൽ അഹ്മദികളെ പോലീസ് പിടികൂടി. അങ്ങനെ അദ്ദേഹത്തിനും കുറച്ച് സമയം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തടവിൽ കഴിയാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. മാർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയെയും രണ്ടു മക്കളെയും കൂടാതെ മാതാപിതാക്കളും അഞ്ചു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. അദ്ദേഹത്തിന്റെ മാതാവ് ആസിഫ സയീദ് സാഹിബ ഫൈസലാബാദ് ജില്ലയിലെ സ്വദർ ലജ്ന ഇമായില്ലായാണ്. അല്ലാഹു എല്ലാവർക്കും സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ. ഡോക്ടർ ഹാമിദ് മഹ്മൂദ് സാഹിബ് അദ്ദേഹത്തെ കുറിച്ച് എഴുതുന്നു: അഹ്മദിയ്യത്തിനോട് പ്രത്യേകിച്ചും ഖിലാഫത്തിനോട് നല്ല ബന്ധവും സ്നേഹവുമായിരുന്നു. തന്റെ സാമൂഹികവും രാഷ്ട്രീയവും സംവിധാന സംബന്ധവുമായ ബന്ധങ്ങൾ മുഖേന ജനങ്ങളെ സഹായിക്കാൻ ശ്രമിച്ചിരുന്നു. തനിക്ക് സഹായിക്കാൻ കഴിയുന്നവരെ മുൻപന്തിയിൽനിന്ന് സഹായിക്കേണ്ടത് തന്റെ കടമയാണെന്ന് കരുതിയിരുന്നു. ബുദ്ധിമുട്ടുന്നവരെ കാണുമ്പോൾ നിശബ്ദമായി അവരെ സഹായിക്കേണ്ടത് തന്റെ ഉത്തരവാദിത്വമാണെന്നും മനസ്സിലാക്കിയിരുന്നു. വളരെ നിശബ്ദമായും പ്രദർശനപരതയൊന്നമില്ലാതെയും ഈ കർമങ്ങൾ ചെയ്യാൻ ശ്രമിച്ചിരുന്നു.

ഡോക്ടർ മസ്ഊദുൽ ഹസൻ നൂരി സാഹിബ് പറയുന്നു: സുൽഫിഖർ വളരെ നന്മയുള്ള പ്രൗഢിയുള്ള ആത്മാർഥനായ അഹ്മദി യുവാവായിരുന്നു. ഞാൻ അദ്ദേഹത്തെ പരിചയപ്പെട്ടതു മുതൽ അദ്ദേഹത്തിന്റെ കഴിവുകളെ കുറിച്ച് എനിക്ക് നല്ലപോലെ അറിയാം. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ആഹ്വാനങ്ങളിൽ സാമ്പത്തിക ത്യാഗങ്ങളിൽ വളരെ മുന്നിലുണ്ടായിരുന്നു. ത്യാഗസന്നദ്ധതയും ചെലവഴിക്കാനുള്ള നിലവാരവും വളരെ കൂടുതലായിരുന്നു. ലക്ഷക്കണക്കിനു രൂപ കൊടുത്തിട്ടുണ്ടായിരുന്നു. അതോടൊപ്പം തന്റെ താഴ്മയും വിനയവും പ്രകടിപ്പിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പൊറുത്ത് കൊടുക്കുകയും കരുണ ചൊരിയുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും ഭാര്യക്കും സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ. മക്കളുടെ സംരക്ഷകനാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ അവർക്ക് സൗഭാഗ്യം ലഭിക്കുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം കാനഡയിലെ തബസ്സും മഖ്സൂദ് സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* അദ്ദേഹത്തിന്റെ പിതാവ് മലിക് മഖ്സൂദ് അഹ്മദ് സാഹിബ് 2010 മെയ് 28നു ലാഹോറിലെ ദാറുദ്ദിക്കലുണ്ടായ ആക്രമണത്തിൽ ശഹീദ് ആയിരുന്നു. മലിക് മഹ്മൂദ് അഹ്മദ് ശഹീദിന്റെ മാതാമഹൻ ഹദ്റത്ത് മലിക് അലി ബഖ്ഷ് സാഹിബ് ഭോപാലുകാരനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലക്ച്ചർ സിയാൽകോട്ട് കേട്ടതിനുശേഷമാണ് ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചത്. മലിക് തബസ്സും മഖ്സൂദ് സാഹിബ് 1991-ൽ ജീവിതം വഖ്ഫ് ചെയ്തു. 2006-ൽ ഉമൂറെ ആമ ഓഫീസിൽ ജോലി ആരംഭിച്ചു. അവിടെ അദ്ദേഹത്തിന് നാഇബ് നാളിർ ഉമൂറെ ആമയായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. 2011 തഹ്രീക്കെ ജദീദ് ലീഗൽ മഷ്ശല്യെ ആയി നിയമിക്കപ്പെട്ടു. 2016-ൽ എന്റെ അനുവാദത്തോടുകൂടി ശുഹദാക്കളുടെ കുടുംബത്തോടൊപ്പം കാനഡയിലേക്കുപോയി. ആദ്യം പോകാൻ ആഗ്രഹമില്ലായിരുന്നു. എന്നാൽ, ഞാൻ പറഞ്ഞപ്പോൾ പോവുകയാണുണ്ടായത്. കാനഡയിലും ഉമൂറെ ആമ, ജാഇദാദ് വകുപ്പുകളിൽ സേവനത്തിന് അവസരം ലഭിച്ചതിനു പുറമെ നാളിം ദാറുൽ ഖളാ എന്ന നിലക്കും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. അദ്ദേഹം നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളയാളും. തഹജ്ജുദ് കൃത്യമായി നമസ്കരിക്കുന്നയാളുമായിരുന്നു. വിശുദ്ധ ഖുർആനുമായി ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. ഖിലാഫത്തുമായി ഗഹനമായ പ്രതിബദ്ധതയും ഉണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയുടെ എല്ലാ ആഹ്വാനങ്ങൾക്കും ലബ്ബയ്ക്ക് പറഞ്ഞിരുന്നു. വളരെ നല്ല മനുഷ്യനും സഹാനുഭൂതിയുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ മാതാവിനെയും ഭാര്യയെയും കൂടാതെ ഒരു മകനും മൂന്നു പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഏക മകൻ ഡോക്ടർ അത്ഹർ അഹ്മദ് ജീവിതം വഖ്ഫ് ചെയ്തയാളാണ്. അദ്ദേഹത്തിന്റെ ജാമാതാവ് ഉമർ ഫാറൂഖ് സാഹിബ് മുബല്ലിഗാണ്. മർഹൂം ലാഹോർ ജില്ലാ ജമാഅത്ത് അമീർ മലിക് ത്വാഹിർ അഹ്മദ് സാഹിബിന്റെ സഹോദര പുത്രനാണ്.

അദ്ദേഹത്തിന്റെ മകൾ റളിയ തബസ്സും എഴുതുന്നു: ഒരു ദിവസം രാത്രി തബ്ലീഗിൽ വളരെ തൽപരനായ അദ്ദേഹം തബ്ലീഗിന് പുറപ്പെട്ടു. അവിടെ അദ്ദേഹത്തെ യുവാക്കൾ ചേർന്ന് ആക്രമിച്ചു. ഏതായാലും അവിടെനിന്ന് അദ്ദേഹം രക്ഷപ്പെട്ടു. എന്നാൽ, ഈ ആക്രമണത്തിൽ അദ്ദേഹത്തിന്റെ കണ്ണിന്റെ ഭാഗത്ത് മർദ്ദനമേറ്റിരുന്നു. വളരെ ബുദ്ധിമുട്ടിയാണ് വീടെത്തിയത്. കണ്ണിനു പരുക്കേറ്റു. എന്നാൽ, ആരോടും പറഞ്ഞിരുന്നില്ല. വർഷങ്ങൾക്കുശേഷം കണ്ണിൽ വീണ്ടും ബുദ്ധിമുട്ടുണ്ടായപ്പോൾ ഡോക്ടർമാർക്ക് കാണിച്ചു കൊടുത്തു. അവർ പറഞ്ഞത് നേരത്തെ ഉണ്ടായ ഏതോ ആഘാതത്തിന്റെ ഫലമാണെന്നായിരുന്നു. ഏതായാലും ഇങ്ങനെ ഒരു സംഭവമുണ്ടായി. അദ്ദേഹം അതിൽ വളരെ സന്തുഷ്ടനായിരുന്നു. അതായത് കണ്ണിന്റെ കാഴ്ച ദുർബലമാകാൻ കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശപ്രചരണം കൊണ്ടാണെന്ന കാര്യത്തിൽ അദ്ദേഹം വളരെ സന്തോഷിച്ചിരുന്നു.

മലിക് ത്വാഹിർ അഹ്മദ് എഴുതുന്നു: തബസ്സും മഖ്സൂദ് സാഹിബിന് ചെറുപ്പത്തിൽതന്നെ നന്മയോട് ചായ്വുണ്ടായിരുന്നു. പോഷക സംഘടനകളുടെയും ജാമാഅത്തീ സംവിധാനങ്ങളുടെയും കീഴിൽ സേവനം ചെയ്ത് കൊണ്ടിരുന്നു. ഖിലാഫത്തുമായി ഗഹനമായ പ്രതിബദ്ധതയും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണവും അദ്ദേഹത്തിന്റെ അടയാളങ്ങളാകുന്നു. വളരെ സൗഹാർദ്ദപ്രിയനും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന ആളുമായിരുന്നു. കുട്ടികൾക്ക് വളരെ ഉയർന്ന നിലയിൽ ശിക്ഷണം നൽകി. അവരെ ഖിലാഫത്തിന്റേയും ജമാഅത്ത് വ്യവസ്ഥിതിയുടേയും ഉറച്ച ബന്ധത്തിൽ ആക്കുന്നതിന് വളരെയേറെ ശ്രമിക്കുകയും ചെയ്തിരുന്നു.

ഹാഫിള് മുഹമ്മദ് അക്റം ഖുറയ്ശി സാഹിബ് നാഇബ് വക്കീലുൽമാൽ ഥാനി എഴുതുന്നു: എനിക്ക് അദ്ദേഹവുമായി വളരെ പഴയ ബന്ധമാണുള്ളത്. അയൽവാസി എന്ന ബന്ധവുമുണ്ട്. വലിയ ആത്മാർഥതയും കൂറും സഹാനുഭൂതിയുമുള്ളയാളും സൃഷ്ടിസേവന തത്പരനും എല്ലാ സമയത്തും ഖിലാഫത്തിനോടുള്ള സേവനത്തിൽ സന്നദ്ധനുമായിരുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢജ്ഞാനമുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം ഏതോ ഒരാൾക്ക് ഇർഫാനെ ഇലാഹിയെ സംബന്ധിച്ച് മനസ്സിലാക്കി കൊടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അപ്പോൾ അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ മഹത്ത്വവും കാരണം അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് അശ്രു ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂടെ ജോലി ചെയ്യുന്ന ഒരാൾ എഴുതുന്നു: 'എന്നോടു അദ്ദേഹം ഉപദേശം എന്ന നിലക്ക് ഇങ്ങനെ പറയുമായിരുന്നു. ആര് എന്ത് ചെയ്യുന്നുവെന്ന് നോക്കേണ്ടതില്ല. ആരെയും കേൾക്കേണ്ടതില്ല. തന്റെ ഈമാൻ സംരക്ഷിക്കുക. ഖിലാഫത്തിന്റെ കോന്തല കൈവിടരുത്. അതില്ലാതെ എവിടെയും സമാധാനം ഉണ്ടാകുന്നതല്ല.' ഖുദ്ദാമുൽ അഹ്മദിയ്യയുടെ കാലം മുതൽ തന്നെ ജമാഅത്തുമായി അഗാധമായ ബന്ധം ഉണ്ടായിരുന്നു. തന്റെ ജീവനും സമ്പത്തും സമയവും അന്തസ്സും എപ്പോഴും സമർപ്പിക്കാൻ തയ്യാറായിരുന്നു. നല്ല ആരോഗ്യ ദൃഢഗാത്രനായ യുവാവായിരുന്നു. ഉറച്ചതും നീണ്ടതുമായ ശരീരപ്രകൃതിയായിരുന്നു. സ്പോർട്സ്മാനായിരുന്നു. ഈ എല്ലാ കഴിവുകളും ജമാഅത്തിന്റെ സേവനത്തിൽ ചെലവഴിച്ചിരുന്നു. ചെറിയ പ്രായത്തിൽ തന്നെ സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യാൻ ലൈസൻസ് ലഭിച്ചിരുന്നു. വിവിധ തരത്തിലുള്ള ജോലികൾ ചെയ്തു തീർക്കാൻ അനിതരസാധാരണമായ അനുഭവവും കഴിവും ഉണ്ടായിരുന്നു. വിവിധ യാത്രകളും ചെയ്തിരുന്നു. അല്ലാതെ തന്റെ അവസ്ഥയിൽ മാത്രം കഴിച്ചുകൂട്ടിയില്ല. എങ്കിലും എപ്പോഴും വിനയാന്വിതനായിരുന്നു. ഒരിക്കലും അദ്ദേഹത്തിന് സ്വാർഥതയോ ദുരഭിമാനമോ ഉണ്ടാ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 23 June 2022 Issue-25

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)


യിട്ടില്ല. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും കരുണ ചെയ്യുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

പേജ് 6 ൽ നിന്ന്

മാനുഷിക പ്രശ്നങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ സമഗ്രദൃഷ്ടി വളരെ ആഴത്തിലുള്ളതാണെന്നതിൽ എനിക്ക് സന്തോഷമുണ്ടായി.'

ഒരു പാർലമെന്റംഗം സെബിനെ ലീഡ്ജ് (Sebine Leidg)സാഹിബ പറയുന്നു:'എനിക്ക് മതവുമായി ബന്ധമൊന്നുമില്ല. എന്നാൽ, മനുഷ്യരുടെ ഭാവി തലമുറയോടുള്ള വേദനയെ മുൻകൂട്ടി മനസ്സിലാക്കി ഇന്നത്തെ നേതാക്കളെ താക്കീതു ചെയ്ത അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴത്തിൽ സ്വാധീനമുണ്ടാക്കി. മനുഷ്യരുടെ സമസ്ത ചിന്താമണ്ഡലത്തിലും ഉണർവ് ഉണ്ടാക്കുന്ന വിധം ഈ സന്ദേശം വ്യാപിച്ചെങ്കിൽ എന്നാണ് എന്റെ ആഗ്രഹം. അടുത്ത തലമുറയോടുള്ള ഉത്തരവാദിത്വത്തെ കുറിച്ച് ബോധ്യം വരുത്താൻ സാധിച്ചിരുന്നെങ്കിൽ! എന്റെ ഹൃദയത്തിലേക്ക് ഇന്നെത്തിയ ഈ മഹാത്മാവിന്റെ സന്ദേശം സ്വാധീനം സൃഷ്ടിച്ചു. കാരണം അദ്ദേഹം സമാധാന സന്ദേശത്തോടൊപ്പം ശ്രദ്ധക്ഷണിച്ചത് മക്കളെ കുറിച്ചാണ്. അതായത് അദ്ദേഹത്തിന് മക്കളെ കുറിച്ച് ചിന്തയുണ്ട്. വിശിഷ്യാ അണവായുധങ്ങളുടെ വിനാശത്തെ കുറിച്ച് അദ്ദേഹം താക്കീതു നല്കി. ഖലീഫക്ക് കേവലം ഇന്നത്തെ മനുഷ്യരോടു മാത്രമല്ല സ്നേഹം, പ്രത്യുത വരാനിരിക്കുന്ന ഭാവി തലമുറകളെ കുറിച്ചും ചിന്തയുണ്ട്, സ്നേഹമുണ്ട്. സ്ത്രീകൾക്ക് ഇസ്‌ലാമിലുള്ള സ്ഥാനവും മൂല്യവും സവിശേഷമായ നിലയിൽ എനിക്കിന്ന് ഖലീഫയിൽനിന്നു മനസ്സിലായി.'

നഹാവൻദ്(Nahawand) സാഹിബ പറയുന്നു: 'യൂറോപ്പിൽ വ്യാപകമായി ഇസ്‌ലാമിനെ കുറിച്ച് പരന്നിട്ടുള്ള ആശങ്കകൾ ഖലീഫയുടെ പ്രഭാഷണം മുഖേന അകന്നുപോകും. ഏകപക്ഷീയമായി കാണപ്പെടുന്ന നിഷേധാത്മക സ്വാധീനങ്ങളെ നീക്കാൻ സാധിക്കും.'

ഒരു പാർലമെന്റംഗം ആക്സെൽ നോറിഗ് (Axel Knohrig) സാഹിബ് പറയുന്നു: 'ഖലീഫയുടെ പ്രഭാഷണം സവിശേഷമായ നിലയിൽ എനിക്കിഷ്ടമായി. കാരണം, ലോകത്ത് സമാധാനം വ്യാപിപ്പിക്കുന്നതിലേക്ക് അദ്ദേഹം ശ്രദ്ധ ക്ഷണിച്ചു. സമാധാനസ്ഥാപനം സാധ്യമാക്കാൻ ഓരോ വ്യക്തിയിലും അർപ്പിതമായ ഉത്തരവാദിത്വത്തെ കുറിച്ചും ഒപ്പം വിശദമാക്കി. ഇന്നത്തെ പ്രഭാഷണത്തിൽ ഖലീഫ നല്കിയ സന്ദേശം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലും കാണാൻ സാധിക്കുന്നതാണ്. എല്ലാവരും ഈ സന്ദേശം മനസ്സിലാക്കുകയാണെങ്കിൽ സുനിശ്ചിതമായും സമാധാനം വ്യാപിപ്പിക്കാനാൻ സാധിക്കും. വിവിധ മതങ്ങളും സംസ്കാരങ്ങളും സമാധാനത്തോടെ എങ്ങനെ ഒത്തുചേർന്ന് ജീവിക്കാൻ സാധിക്കും എന്ന സുപ്രധാന വശവും ഖലീഫ വിശദീകരിച്ചു. അദ്ദേഹം വിവരിച്ച എല്ലാ കാര്യത്തോടും ഒരു ക്രിസ്തുമത വിശ്വാസി എന്ന നിലയിൽ ഞാൻ യോജിക്കുന്നു.

പ്രൊഫസർ ക്രിസ്റ്റഫ് ഗൾട്ട്മാൻ(Christoph Gultman) സാഹിബ് പറയുന്നു:'ഇന്നത്തെ പരിപാടി എനിക്ക് വളരെ ഇഷ്ടമായി. തിരുമനസ്സിന്റെ പ്രഭാഷണത്തിൽനിന്നു എനിക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു. ഖലീഫ സൂചിപ്പിച്ച വളരെയധികം വിശുദ്ധ ഖുർആൻ റഫ്രൻസുകൾ ഞാൻ നോട്ട് ചെയ്തു. വീട്ടിൽപോയി ഇനി ഞാനിത് തീർച്ചയായും വീണ്ടും വായിക്കും. ഖലീഫ സമാധാന സന്ദേശം വ്യാപിപ്പിക്കുന്നു എന്നതിലും എനിക്ക് സന്തോഷമുണ്ട്.'

ഒരു ക്രൈസ്തവ അതിഥി പറയുന്നു: 'ഖലീഫയുടെ പ്രസംഗം കേൾക്കാൻ ആദ്യമായാണ് എനിക്ക് അവസരം ലഭിക്കുന്നത്. സമാധാനത്തിന് ഇസ്‌ലാം ഇത്രയധികം പ്രാധാന്യം നല്കുന്നുവെന്നും അത് സ്ഥാപിക്കാനാഗ്രഹിക്കുന്നുവെന്നും മുമ്പേ ഒരിക്കലും ഞാൻ കേട്ടിരുന്നില്ല. ഖലീഫയുടെ പ്രഭാഷണം ഇന്ന് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ശ്രവിച്ചു എന്നതിലും എനിക്ക് വളരെയധികം സന്തോഷമുണ്ടായി. കൂടാതെ യഹൂദ റബ്ബിമാരേയും ഇതര മുസ്‌ലിം സമൂഹത്തിലെ വ്യക്തികളേയും എനിക്കിവിടെ കാണാൻ കഴിഞ്ഞു.'

ഒരു അതിഥി പറയുന്നു: 'വളരെയധികം യുക്തിസമ്പൂർണനായ വ്യക്തിയുടെ പ്രഭാഷണം ഇന്നെനിക്ക് ശ്രവിക്കാൻ അവസരം ലഭിച്ചു.സമാധാനസ്ഥാപനം സാധ്യമാക്കുന്നതിന് ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വത്തിലേക്ക് അദ്ദേഹം ശ്രദ്ധക്ഷണിച്ചു. തിരുമനസ്സിന് ജനങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്ക് കൊണ്ടുവരാൻ സാധിക്കും. എല്ലാ മനുഷ്യരും ശാന്തി സമാധാനത്തോടും സ്നേഹത്തോടുംകൂടി ഒന്നായി ജീവിക്കണമെന്ന് വളരെ ലളിതമായ വാക്കുകളിൽ അദ്ദേഹം വിശദമാക്കി. പരസ്പരം ആദരവ് പുലർത്തലാണ് ഇതിന് സർവോപരി അനിവാര്യമായ കാര്യം. ശരിയായ രൂപത്തിൽ ഉപയോഗിക്കുകയാണെങ്കിൽ ലോകത്ത് ഓരോ സാധനവും വളരെയളവിൽ ഉണ്ടെന്നും അത് എല്ലാവർക്കും മതിയാകുന്നതാണെന്നും ഖലീഫ വ്യക്തമാക്കി.

(തുടരും)

പേജ് 1 ൽ നിന്ന്

വിശാലമായ വ്യവസ്ഥിതിയാണ് അവരിൽ കാണുന്നത്. ഇതെല്ലാം ഒരു തരത്തിലുള്ള ഗോപ്യമായ വഹിയുടെ ഫലമാണ്.

ഇപ്രകാരംതന്നെ തോനിച്ചയ്ക്കും വലിയ മഹത്തായ വ്യവസ്ഥിതിയുണ്ട്. ചില വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ മനുഷ്യരുടെ വ്യവസ്ഥിതിയെക്കാൾ അവരുടെ വ്യവസ്ഥിതി കൂടുതൽ നിലവാരമുള്ളതാണ്. അവരുടെ ബോധം ചില കാര്യങ്ങളിൽ മനുഷ്യരെക്കാൾ കൂടുതലാണെന്നാണ്. അവരുടെ ഓരോ തേനീച്ചക്കൂട്ടിലും ഒരു റാണിയുണ്ടാകും. എല്ലാ തേനീച്ചകളും അതിനെ പിൻപറ്റുന്നു. അവരുടെ സന്താനങ്ങൾ വെവ്വേറെയായിരിക്കും. മനുഷ്യരെപ്പോലെ എല്ലാവരും ഒരുമിച്ചു താമസിക്കുകയില്ല. പുതിയ റാണി ഉണ്ടാകുമ്പോൾ പഴയ ഈച്ചകൾ അതിനെ കൊല്ലാനാഗ്രഹിക്കുന്നു. അപ്പോൾ പുതിയ യുവഈച്ചകൾ അതിന് കാവൽനില്ക്കുന്നു. എല്ലാവരും ചേർന്ന് അവയെ സംരക്ഷിക്കുന്നു. ആ റാണി വലുതായി തന്റെ കൂട്ടുകാരോടൊപ്പം വേറെ കൂടുണ്ടാക്കുന്നു. പിന്നീട് റാണി യുദ്ധം ചെയ്ത് ഒന്നുകിൽ ആദ്യത്തെ വലിയ ഈച്ചകളെ ആദ്യത്തെ കൂട്ടിൽനിന്ന് പുറത്താക്കുകയോ അല്ലെങ്കിൽ പരാജയപ്പെട്ട് മറ്റു സ്ഥലത്തേക്ക് പോകുകയോ ചെയ്യുന്നു. അവരുടെ വ്യവസ്ഥിതിയുടെ വേറെയും വിശദീകരണങ്ങളുണ്ട്. അത് അത്ഭുതകരമാണ്. അല്ലാഹു തേനീച്ചയുടെ സ്മരണ തിരഞ്ഞെടുത്തത് ഉന്നതമായ ഒരു ശക്തിയാണ് അവയ്ക്ക് ഈ അറിവു നല്കിയതെന്നും അവ സ്വയം ചിന്തിച്ചെടുക്കാത്ത ഒരു വ്യവസ്ഥിതി നല്കിയിരിക്കുന്നുവെന്നും മനസ്സിലാക്കാനുമാണ്. ഇതുപോലെതന്നെ തേനീച്ചയുടെ വ്യവസ്ഥിതി നിസാരമായ ചിന്തകൊണ്ട് കാണാൻ കഴിയുന്നതിലാണ് ഈ ഉദാഹരണം അല്ലാഹു തിരഞ്ഞെടുത്തത്. അതിൽനിന്നുണ്ടാകുന്ന ഭക്ഷണത്തെ മനുഷ്യൻ ഏറ്റവും നല്ലതായി മനസ്സിലാക്കുന്നതുകൊണ്ടും! അതിൽ കാണുന്ന ഈ വ്യവസ്ഥിതി വിളിച്ചോതുന്നത് അതിൽ ബുദ്ധിയുണ്ടെന്നാണ്. എന്നാൽ, അതിന്റെ ഒരേയൊരു അവസ്ഥയിലുള്ള ഇരിപ്പും അഭിവൃദ്ധിപ്പെടാതിരിക്കലും വിളിച്ചോതുന്നത് അതിന് ആ വ്യവസ്ഥിതി മറ്റൊരു അസ്തിത്വമാണ് നല്കിയതെന്നും വെളിയിൽനിന്നു വന്നതാണെന്നും അത് സ്വയം ആ വ്യവസ്ഥിതി തയ്യാറാക്കിയതല്ലെന്നുമാണ്.

ഈ ആയത്തിൽ ഈ ഭാഗത്തേക്കും ശ്രദ്ധക്ഷണിച്ചിരിക്കുന്നു. തേനീച്ച അതായത് തേനീച്ചകളും വിവിധതരത്തിലുണ്ട്. ചിലത് മലകളിലും ചിലത് മൈതാനങ്ങളിലെ വൃക്ഷങ്ങളിലും ചിലത് വീടുകളിലോ മുന്തിരിവള്ളികൾക്കുവേണ്ടി കെട്ടിയുണ്ടാക്കുന്ന പന്തലുകളിലോ കൂടുകെട്ടുന്നു. ഇതു സൂചിപ്പിക്കുന്നത് മനുഷ്യരിൽനിന്നു വഹ്‌യുണ്ടാകുന്നവരും ഒരേ തരത്തിലുള്ളവരല്ലെന്നാണ്. ചിലരുടെ സ്ഥാനം മലയുടേതാകുന്നു. ചിലരുടേത് മരങ്ങളിലേതും ചിലരുടേത് മച്ചുകളുടേതും ചിലരുടേത് പന്തലുകളുടേതുമായിരിക്കും. അതായത് ചിലർ ഉന്നതസ്ഥാനത്തുള്ളവരായിരിക്കും, ചിലരുടേത് അതിനു താഴെയുള്ളവരുടേതായിരിക്കും, ചിലരുടേത് അതിലും താഴെയുള്ളവരുടേതായിരിക്കും. ഇതിൽ തിൽക്കർറുസുലു ഫള്ളൽനാ ബഅ്ളഹും അലാ ബഅ്ളിൻ(ആ ദൈവദൂതന്മാരിൽ ചിലരെ മറ്റു ചിലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു - 2:254)എന്നതിൽ വിവരിക്കപ്പെട്ട വിഷയത്തിലേക്കുള്ള സൂചനയാണുള്ളത്) *(തഫ്സീർ കബീർ, വാള്യം 4, പേജ് 194, പ്രസാധനം ഖാദിയാൻ 2010)*

❖❖❖

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin